# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 23, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--281]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 2390 മുതൽ 2490 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 2491 മുതൽ 2541 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 2542 മുതൽ 2615 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 2616 മുതൽ 2670 വരെ |

**കരാറുകാരുടെ കുടിശ്ശിക**

2390 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്ന കരാറുകാർക്ക് വൻ തുക കുടിശ്ശികയായി നൽകാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സമയബന്ധിതമായി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിന് നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിൽ ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

2391 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ ബജറ്റിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചതെന്നും അവയുടെ തുകയെത്രയെന്നും വിശദമാക്കാമോ?

**സംസ്ഥാനത്തിന്റെ അടുത്ത അഞ്ച് വർഷത്തെ കടബാധ്യത**

2392 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അഞ്ച് വർഷങ്ങളിലായി സംസ്ഥാന സർക്കാർ അടയ്ക്കേണ്ടി വരുന്ന വിവിധ കടബാധ്യതകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ വർഷവും എത്ര

തുക വീതമാണ് വിവിധ ഇനങ്ങളിൽ തിരിച്ചടയ്ക്കേണ്ടി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബി, കേരള സാമൂഹ്യ സുരക്ഷ പെൻഷൻ ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന ബജറ്റിന് പുറത്തുള്ള കടമെടുപ്പ് വഴി ഓരോ സ്ഥാപനത്തിനും നിലവിലുള്ള കടബാധ്യത എത്രയാണ്; അടുത്ത അഞ്ച് വർഷം ഈ സ്ഥാപനങ്ങൾ ഓരോന്നും വിവിധ കടബാധ്യതകളുടെ ഇനത്തിൽ തിരിച്ചടയ്ക്കേണ്ടി വരുന്ന തുക എത്ര വീതമെന്ന് സ്ഥാപനവും ഇനവും തിരിച്ച് വിശദമാക്കാമോ;

(സി) നിലവിലെ സാമ്പത്തിക കണക്കുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ച് വർഷം സംസ്ഥാനത്തിന് കടമെടുക്കാവുന്ന തുക ഓരോ വർഷവും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

## നോൺ-ടാക്സ് റവന്യൂ സമാഹരണ പദ്ധതി

2393 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതുതായി ആവിഷ്കരിച്ച നോൺ-ടാക്സ് റവന്യൂ സമാഹരണ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയ ശേഷം സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് എത്ര ശതമാനമാണെന്ന് വിശദമാക്കുമോ;

(സി) കിഫ്ബി വഴിയുള്ള പദ്ധതികൾക്ക് കേന്ദ്രം ഏർപ്പെടുത്തിയ കടമെടുപ്പ് പരിധിയിലെ നിയന്ത്രണങ്ങൾ മറികടക്കാൻ ബദൽ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## മെഡിസെപ്പ് പദ്ധതി

2394 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ സർക്കാർ ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത ആകെത്തുക എത്രയാണ്; ഇതിൽ എത്ര രൂപയാണ് ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറി നൽകിയിട്ടുള്ളത്;

(ബി) ഇക്കാലയളവിൽ ക്ലെയിം ഇനത്തിൽ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാർക്ക് നൽകിയിട്ടുള്ള ആകെ തുക എത്രയാണ്;

(സി) ഇക്കാലയളവിൽ ജീവനക്കാർ ആകെ എത്ര രൂപയാണ് ക്ലെയിം ചെയ്തിട്ടുള്ളത്;

(ഡി) ജീവനക്കാർ ആവശ്യപ്പെട്ട ക്ലെയിം തുക പൂർണ്ണമായും കമ്പനി മുഖേന അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) ഇതു മൂലം മറ്റ് ഇൻഷ്വറൻസ് പദ്ധതികളിൽ ചേരാതെ നിർബന്ധിത പദ്ധതിയായ മെഡിസെപ്പ് പദ്ധതിയിൽ ചേരേണ്ടി വന്ന ജീവനക്കാർക്ക് ധനനഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ജീവനക്കാർക്ക് ധനനഷ്ടമുണ്ടാകാതെ ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

**കുട്ടോത്ത്-അട്ടക്കുണ്ട് റോഡുമായി ബന്ധപ്പെട്ട് നടത്തിയ ട്രാഫിക് സ്റ്റഡി**

2395 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന കുട്ടോത്ത്-അട്ടക്കുണ്ട് റോഡുമായി ബന്ധപ്പെട്ട് നടത്തിയ ട്രാഫിക് സ്റ്റഡി റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ വീതി നിശ്ചയിച്ചിട്ടുള്ളത് ഏത് മാനദണ്ഡപ്രകാരമാണെന്നും ഇത്തരത്തിൽ ട്രാഫിക് പഠനങ്ങൾ നടത്തുമ്പോൾ ഐ.ആർ.സി. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് കൂടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ട്രാഫിക് പഠനം പ്രകാരം റോഡിന്റെ രണ്ട് ഭാഗങ്ങളിൽ വ്യത്യസ്ത ട്രാഫിക് വോളിയം വരുന്ന സാഹചര്യങ്ങളിൽ വീതി നിശ്ചയിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

**തൊടുപുഴ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

2396 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെങ്കിലും പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**മണലൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതികൾ**

2397 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര വീതം തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ കേച്ചേരി സെന്റർ നവീകരണത്തിനായി അനുവദിച്ച തുകയെത്രയാണെന്നും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

**കിഫ്ബി മുഖേന കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണം**

2398 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള വീതിയിൽ റോഡ് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കോങ്ങാട് പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ പുരോഗതി

2399 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ കിഫ്ബി പദ്ധതികൾ

2400 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് അനുവദിച്ചതെന്നും ഇതിനായി എത്ര കോടി രൂപ അനുവദിച്ചുവെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ കിഫ്ബി മുഖേന ധനസഹായം അനുവദിച്ച് എത്ര പദ്ധതികളാണ് പൂർത്തീകരിച്ചതെന്നും ഇതിനായി ജില്ലയിൽ എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ?

## വാമനപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2401 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ഇതേവരെ അനുമതി ലഭിച്ചിട്ടുള്ള കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ തൽസ്ഥിതിയും വിശദമാക്കാമോ?

## കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ഗുരുവായൂർ മണത്തല ഗവ. ഹയർ സെക്കൻഡറി സ്കൂൾ നിർമ്മാണം

2402 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഗുരുവായൂർ നിയോജക മണ്ഡലത്തിലെ മണത്തല ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണ

പ്രവൃത്തിക്ക് തുക അനുവദിക്കുന്നതിന് സാങ്കേതിക തടസങ്ങൾ ഉണ്ടോയെന്നും ആയത് പരിഹരിക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## കൊല്ലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2403 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാം, അവയുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദവിവരം ലഭ്യമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2404 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വല്ലാർപാടം പനവൃകാട് കായലോര റിംഗ് ബണ്ട് റോഡ് നിർമ്മാണം

2405 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017-ന് പൊതുമരാമത്ത് വകുപ്പ് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയ വല്ലാർപാടം-പനവൃകാട് കായലോര റിംഗ് ബണ്ട് റോഡ് നിർമ്മാണം ഇറിഗേഷൻ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയായി മാറ്റിയിട്ടും ഡി.പി.ആർ.ന് അംഗീകാരം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഇതിന് ഉടൻ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്നത്തേക്ക് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2406 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നിർമ്മാണം തുടങ്ങിയവ, ആരംഭിക്കാനുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം തുടങ്ങിയ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) നിർമ്മാണം തുടങ്ങിയവ വേഗത്തിൽ പൂർത്തീകരിക്കുന്നതിനും നിർമ്മാണം ആരംഭിക്കാത്തവ വേഗത്തിൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2407 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദവിവരവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അനുമതി ലഭിച്ചവ, പൂർത്തീകരിച്ചവ, ഇനി പൂർത്തീകരിക്കാനുള്ളവ എന്നിങ്ങനെ ഇനം തിരിച്ച് തുക സഹിതം വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2408 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

## കിഫ്ബി മുഖേനയുള്ള പാവങ്ങാട്-ഉള്ള്യേരി-കുറ്റ്യാടി (പി. യു. കെ. സി) റോഡ് നവീകരണം

2409 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കേണ്ട പാവങ്ങാട്-ഉള്ള്യേരി-കുറ്റ്യാടി (പി. യു. കെ. സി.) റോഡിന്റെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാംഘട്ട പ്രവ്യത്തിയുടെ ഡി.പി.ആറിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## കിഫ്ബി ഫണ്ട് ഉപയോഗിച്ച് നെടുമങ്ങാട് അരുവിക്കര വെള്ളനാട് റോഡ് നവീകരണം

2410 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നെടുമങ്ങാട് അരുവിക്കര വെള്ളനാട് റോഡ് നവീകരണത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എപ്പോൾ

പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

## പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2411 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## അരൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2412 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## ഓടന്നൂർ പാലം നിർമ്മാണ പ്രവൃത്തി

2413 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓടന്നൂർ പാലം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഹരിപ്പാട്, പറവൂർ, വേങ്ങര മണ്ഡലങ്ങളിലെ കിഫ്ബി പദ്ധതികൾ

2414 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഹരിപ്പാട്, പറവൂർ, വേങ്ങര മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുക സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

2415 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2017-18 വർഷം മുതൽ നാളിതുവരെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ

ഓരോ സാമ്പത്തിക വർഷം തിരിച്ച് പ്രത്യേകമായി ലഭ്യമാക്കാമോ?

**<u>പാറശ്ശാല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികൾ</u>**

2416 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിന്റേയും നിലവിലെ സ്ഥിതി, ഭരണാനുമതി/ സാങ്കേതികാനുമതി/ടെണ്ടർ നടപടികൾ/നിർമ്മാണത്തിൽ/പൂർത്തിയായവ എന്നിവ തിരിച്ച് വിശദമാക്കാമോ;

(സി) അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ പൂർത്തിയാകാത്തവ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും അവ വൈകുന്നതിനുള്ള കാരണങ്ങൾ എന്താണെന്നും ഓരോ പ്രവൃത്തിയും തിരിച്ച് വിശദമാക്കാമോ?

**<u>ഗുരുവായൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് സേവിംഗ്സ് തുക</u>**

2417 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2017-18 മുതൽ 2025-26 സാമ്പത്തികവർഷം വരെ ആസ്തി വികസന ഫണ്ടിൽ സേവിംഗ്സ് ഇനത്തിൽ എത്ര രൂപ ബാക്കിയുണ്ടെന്നത് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സേവിംഗ്സ് തുക പ്രയോജനപ്പെടുത്തി എത്ര പുതിയ പ്രവൃത്തികൾ നിർവ്വഹിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>ആസ്തി വികസന പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>**

2418 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ വിശദമായ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

**<u>കടുത്തുരുത്തി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി പ്രവൃത്തികൾ</u>**

2419 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ കടുത്തുരുത്തി മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിൽ നിന്നും ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ അനുമതി ലഭിച്ചവ, പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ എന്നിങ്ങനെ ഇനം തിരിച്ച് തുക സഹിതം വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ 2021-26 കാലയളവിൽ പ്രത്യേകാനുമതിക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളവയിൽ അനുമതി നൽകിയിട്ടുള്ളവ, അനുമതി നൽകാനുള്ളവ എന്നിവ തിരിച്ച് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സഹിതം വിശദമാക്കാമോ; ഇവയിൽ ഏതൊക്കെ അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കടുത്തുരുത്തി മണ്ഡലത്തിൽ എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്ത പദ്ധതികളിൽ പ്രത്യേക അനുമതി ലഭിക്കാത്തത് മൂലം ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>അഴീക്കോട് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികൾ</u>**

2420 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24, 2024-25, 2025-26 വർഷങ്ങളിലെ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിൽ ഉൾപ്പെടുത്തി അഴീക്കോട് മണ്ഡലത്തിൽ എം.എൽ.എ. നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കാൻ തടസ്സം നേരിടുന്നവയുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>നാദാപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി പദ്ധതികൾ</u>**

2421 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2016 ജൂൺ മുതൽ 2026 ജനുവരി വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

**<u>അന്നകര ചിറക്കൽ കോട്ടാല റോഡ് റിവർസൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി</u>**

2422 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം മുല്ലശ്ശേരി പഞ്ചായത്തിലെ അന്നകര ചിറക്കൽ കോട്ടാല റോഡ് റിവർസൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തിക്കായി നൽകിയ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് എത്രയും വേഗം ഭരണാനുമതി പുതുക്കി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## അരൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

2423 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ 2022-23 മുതൽ 2024-25 സാമ്പത്തിക വർഷം വരെ ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് എത്രയാണെന്ന് വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിങ്സ് തുക

2424 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2020-21 മുതൽ നാളിതുവരെയുള്ള ടെണ്ടർ സേവിങ്സ് തുക വർഷം തിരിച്ച് വിശദമാക്കാമോ?

## ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കുള്ള അഡ്വാൻസ് തുക

2425 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ ഉപയോഗിച്ച് സ്ഥാപനങ്ങൾക്ക് വിഹിതം നൽകി നടപ്പാക്കുന്ന പ്രവൃത്തികൾക്ക് മുഴുവൻ തുകയും അഡ്വാൻസ് ആയി നൽകുന്നതിന് ധനവകുപ്പിന്റെ നിർദേശമുണ്ടോ; വിശദമാക്കാമോ;

(ബി) ഉത്തരവ് ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി അനുബന്ധമായി നൽകാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ എം.എൽ.എ. എ.ഡി.എസ്. പദ്ധതികൾ

2426 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2020-21 വർഷം മുതൽ നാളിതുവരെ എം.എൽ.എ. എ.ഡി.എസ്. പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതും ബിൽ തുക അനുവദിക്കാത്തതുമായ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച പദ്ധതികളിൽ ബിൽ തയ്യാറാക്കാൻ ബാക്കിയുള്ളവ, നിർവ്വഹണ ഉദ്യോഗസ്ഥർ ബിൽ തയ്യാറാക്കി സമർപ്പിച്ചവ, തുക അനുവദിക്കാൻ ബാക്കിയുള്ളവ എന്നിവ തരംതിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

## എം. എൽ. എ. യുടെ പ്രത്യേക വികസന നിധി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിലെ പ്രവൃത്തികൾ.

2427 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എം. എൽ. എ. യുടെ പ്രത്യേക വികസന നിധി (എസ്. ഡി. എഫ്.) പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതികളുടെ വിശദവിവരം, ഓരോ പ്രവൃത്തിയ്ക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി എന്നിവ വ്യക്തമാക്കാമോ?

## എം. എൽ. എ പ്രത്യേക വികസന നിധിയിലെ ടെൻഡർ സേവിംഗ്സ്

2428 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. മാരുടെ പ്രത്യേക വികസന നിധി പദ്ധതികളിൽ നിന്നുള്ള ടെൻഡർ സേവിങ്സ് ഉപയോഗിച്ച് പ്രവൃത്തികൾ നിർദേശിക്കാൻ നിലവിൽ അനുമതിയുണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി പദ്ധതികൾ

2429 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ 2021-22 മുതൽ 2025-26 വരെയുള്ള ഓരോ കാലയളവിലും ബജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ;

(ഡി) കടുത്തുരുത്തി മണ്ഡലത്തിൽ 2016 മുതൽ 2025 വരെയുള്ള കാലയളവിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിൽ ഉൾപ്പെട്ട പദ്ധതികളുടെ ടെൻഡർ ബാലൻസ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഇ) കടുത്തുരുത്തി മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ ആകെ എത്ര പ്രോജക്റ്റുകൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ; ഓരോ

പ്രവൃത്തിയുടേയും പേര്, അനുവദിച്ച തുക എന്നിവ ഉൾപ്പെടുത്തിയുള്ള വിശദാംശം ലഭ്യമാക്കാമോ?

## ധനദൃഢീകരണ പ്രവർത്തനങ്ങൾ

2430 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വരുമാനം സമാഹരിക്കുന്നതിൽ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നുള്ള ധനസഹായവും നികുതി വിഹിതവും കുറയുകയാണുണ്ടായത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിവിധ ക്ഷേമപെൻഷനുകൾക്ക് സൗജന്യങ്ങൾ പാടില്ലെന്ന കേന്ദ്ര നിലപാട് സംസ്ഥാനം തള്ളിക്കളഞ്ഞിട്ടുണ്ടോ; വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്താതെ വികസന ലക്ഷ്യങ്ങളിലേക്ക് സംസ്ഥാനത്തെ നയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നവ ഉദാര സാമ്പത്തികനയം നടപ്പാക്കിക്കൊണ്ടിരിക്കുന്ന രാജ്യത്ത് കൃത്യമായ ബദൽ വഴികൾ തേടിക്കൊണ്ട് സർക്കാർ പ്രവർത്തിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേന്ദ്ര ധനകമ്മീഷൻ നിശ്ചയിച്ച സമയക്രമം അനുസരിച്ചുള്ള ധനദൃഢീകരണ പ്രവർത്തനങ്ങൾ സംസ്ഥാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

2431 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇതിൽ എത്ര ശതമാനം തുകയാണ് കേന്ദ്രസർക്കാർ ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ ഭാവി പെൻഷൻ ബാധ്യത

2432 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ നിലവിൽ സ്റ്റാറ്റ്യൂട്ടറി പെൻഷനും പങ്കാളിത്ത പെൻഷനും അർഹതയുള്ള ജീവനക്കാരുടെ എണ്ണം എത്ര വീതമാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കുമോ;

(ബി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ വിരമിക്കൽ വരുന്ന 5 വർഷത്തിനിടെ എത്രമാത്രം ഉയരുമെന്ന് സർക്കാർ കണക്കാക്കുന്നുണ്ടോ;

അതിനനുസരിച്ച് സംസ്ഥാനത്തിന്റെ ഭാവി പെൻഷൻ ബാധ്യത എത്രയായിരിക്കുമെന്നുള്ള പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**ശമ്പള നിർണ്ണയത്തിലെ അപാകതമൂലം അധികമായി ലഭിക്കുന്ന തുക**

2433 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്കരണത്തിലോ ശമ്പള നിർണ്ണയത്തിലോ ഉണ്ടായ അപാകത കൊണ്ട് അധികമായി ലഭിച്ച തുക നിശ്ചിതകാലയളവിന് ശേഷം ബന്ധപ്പെട്ട ജീവനക്കാരനിൽനിന്ന് ഈടാക്കാൻ പാടുള്ളതല്ല എന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്ന് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേക്ക് മാറുന്നതിന് നടപടി**

2434 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1 ന് ശേഷം നിയമനം ലഭിച്ച് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് പി. എസ്. സി. നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേക്ക് മാറുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിൽ വരുത്തിക്കൊണ്ടുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിപ്പിക്കുന്നതിന് മുമ്പ് പി.എസ്.സി. പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷിക്കുകയും നിയമന ഉത്തരവ് 01.04.2013 ന് ശേഷമാകുകയും ചെയ്ത ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിഷേധിക്കപ്പെട്ട നടപടി പുന:നിർണ്ണയം നടത്തുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) റിക്രൂട്ട്മെൻറ് വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതിക്ക് യാതൊരു പരിഗണനയും നൽകാതെ ജോലിയിൽ പ്രവേശിച്ച തീയതി പരിഗണിച്ച് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ജീവനക്കാരെ ഉൾപ്പെടുത്തിയിരിക്കുന്നത് നീതിയുക്തമാണോയെന്ന് പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പഴയ പെൻഷൻ സ്കീം പ്രാബല്യത്തിലുണ്ടായിരുന്ന സമയത്തുള്ള (22.12.2003 ന് മുമ്പ്) റിക്രൂട്ട്മെൻറ് വിജ്ഞാപനം പ്രകാരം അപേക്ഷിക്കുകയും എന്നാൽ 2004 ജനുവരി 1 ന് ശേഷം നിയമനം ലഭിക്കുകയും ചെയ്ത കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പഴയ പെൻഷൻ സ്കീമിലേക്ക് തിരികെ മാറുന്നതിന് 2023 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപോലെ സംസ്ഥാന സർക്കാർ ജീവനക്കാരെയും പഴയ പെൻഷൻ സ്കീമിലേക്ക് മാറ്റുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിൽ പഴയ പെൻഷനിലേക്ക് ജീവനക്കാരെ മാറ്റുമ്പോൾ ഇതുവരെ പങ്കാളിത്ത പെൻഷൻ സ്കീമിൽ അടച്ച ജീവനക്കാരുടെ തുക അവരുടെ പി. എഫ് ലേക്കും സർക്കാരിന്റെ വിഹിതം സർക്കാരിന്റെ അക്കൗണ്ടിലേക്കും തിരിച്ചെടുത്ത് ജീവനക്കാർക്ക് നിയമപരമായ പെൻഷൻ അവകാശം വീണ്ടും

ഉറപ്പിക്കുന്നതിനുള്ള നീതിപൂർവ്വകമായ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ജസ്റ്റിസ് സതീഷ് ചന്ദ്ര ബാബു അദ്ധ്യക്ഷനായ പങ്കാളിത്ത പെൻഷൻ പുന:പരിശോധന കമ്മിറ്റി 2021 മാർച്ചിൽ സമർപ്പിച്ച റിപ്പോർട്ടിൽ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതിന് മുമ്പ് റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് 2013 ഏപ്രിൽ 01 ന് ശേഷം നിയമനം ലഭിച്ച് പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ടവർക്ക് പഴയ പെൻഷൻ സമ്പ്രദായത്തിലേക്ക് മാറാൻ അവസരം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ ഈ നിർദ്ദേശം കണക്കിലെടുത്ത് സ്റ്റാറ്റ്യൂട്ടറി പെൻഷനിലേക്ക് ജീവനക്കാർക്ക് മാറുന്നതിനുള്ള നീതിപൂർവ്വകമായ നടപടി സർക്കാർ കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കുമോ?

## അഷ്വേർഡ് പെൻഷൻ പദ്ധതി

2435 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമായി പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് പകരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയുടെ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർ ഇതുവരെ വിഹിതമായി അടച്ച തുകയുടെയും സർക്കാർ നൽകിയ വിഹിതത്തിന്റെയും കാര്യത്തിൽ പുതിയ പദ്ധതിയിലേക്ക് മാറുമ്പോൾ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## അഷ്വേർഡ് പെൻഷൻ പദ്ധതി

2436 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ബജറ്റിൽ പ്രഖ്യാപിച്ച നിശ്ചിത പെൻഷൻ തുക ഉറപ്പാക്കുന്ന അഷ്വേർഡ് പെൻഷൻ പദ്ധതി ഏത് രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും നിലവിൽ എൻ.പി.എസ്. പദ്ധതിയിൽ അടവാക്കിയ തുക ഉൾപ്പെടുത്തിയാണോ പദ്ധതി ആരംഭിക്കുന്നതെന്നും വിശദമാക്കുമോ?

## ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക

2437 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ക്ഷാമബത്ത അനുവദിച്ച തീയതിയും പ്രസ്തുത ക്ഷാമബത്ത അനുവദിക്കേണ്ടിയിരുന്നത് ഏത് തീയതി മുതലായിരുന്നുവെന്നും അറിയിക്കാമോ; ക്ഷാമബത്ത അനുവദിക്കേണ്ടിയിരുന്ന തീയതി മുതലുള്ള കുടിശ്ശിക നൽകുമോയെന്നും എങ്കിൽ ആയത് എപ്പോൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ക്ഷാമബത്ത കുടിശ്ശിക ലഭ്യമാക്കാത്തതിനാൽ പ്രതിമാസം മൊത്ത ശമ്പളത്തിന്റെ എത്ര ശതമാനമാണ് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും

കുറവുണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഹൈക്കോടതിയിലെയും മറ്റ് കോടതികളിലെയും ജഡ്ജിമാർ, മജിസ്ട്രേട്ടുമാർ , ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ, ഗവർണർ/മുഖ്യമന്ത്രി/ മറ്റു മന്ത്രിമാർ/ക്യാബിനറ്റ് പദവിയുള്ള മറ്റ് വ്യക്തികൾ എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശ്ശികയുണ്ടെന്നും പ്രത്യേകം അറിയിക്കാമോ?

## ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിന് നടപടി

2438 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം, മുൻ ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ കേന്ദ്ര വിഹിതവും മാനദണ്ഡങ്ങളും

2439 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം അനുവദിച്ച എന്തെല്ലാം ആനുകൂല്യങ്ങളാണ് സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാർക്ക് അനുവദിച്ചിട്ടില്ലാത്തതെന്നും ആയതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ബി) 2021 മുതൽ കേന്ദ്ര സർക്കാർ ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഗവൺമെന്റ് വിഹിതം 14 ശതമാനമായി ഉയർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ ഗവൺമെന്റ് വിഹിതം നാളിതുവരെ 14 ശതമാനമായി ഉയർത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ഡി.സി.ആർ.ജി.,/കുടുംബ പെൻഷൻ അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാർക്കും ഡി.സി.ആർ.ജി./കുടുംബ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ഓൾഡ് പെൻഷൻ സ്കീമിലേക്ക് മാറുവാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതു പ്രകാരം കേരള കേഡറിലുള്ള ഐ.എ.എസ്./ ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് ഓൾഡ് പെൻഷൻ സ്കീം തെരഞ്ഞെടുക്കുന്നതിനുള്ള ഓപ്ഷൻ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ; ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് (2013 ഏപ്രിൽ 1) പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിൽ നിന്നും നിയമനം ലഭിച്ച സംസ്ഥാന സർക്കാർ ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിഹിതമില്ലാതെയാണോ അഷ്വർഡ് പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; അഷ്വർഡ് പെൻഷൻ പദ്ധതിയിലേക്ക് മാറാതെ ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാൻ ഉദ്ദേശിക്കുന്ന ജീവനക്കാർക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും (സർക്കാർ വിഹിതം ഉയർത്തൽ, ഡി.സി.ആർ.ജി., കുടുംബ പെൻഷൻ മുതലായവ) നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## **<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം</u>**

2440 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ നടപ്പാക്കിയിട്ടുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായമാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അറുപത് വയസ്സാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കാത്ത സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം അറുപത് വയസ്സാക്കി മാറ്റിയ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും വിരമിക്കൽ പ്രായം അറുപത് ആക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## **<u>ഡി.എ./ഡി.ആർ. കുടിശ്ശിക</u>**

2441 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ എത്ര ശതമാനം ഡി.എ./ ഡി.ആർ. കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച 2021 ജൂലൈ മുതൽ നാളിതുവരെ അനുവദിച്ച ഡി.എ./ഡി.ആർ.ന്റെ ഭാഗമായി നൽകേണ്ട അരിയർ, എപ്രകാരം അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) 2026-27 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച, ഡി.എ./ഡി.ആർ. കുടിശ്ശികയുടെ 2021 ജൂലൈ മാസം മുതലുള്ള അരിയറിന്റെ ഒരു ഗഡു എപ്രകാരം അനുവദിക്കുമെന്ന് വ്യക്തമാക്കാമോ; ഇക്കാര്യം സംബന്ധിച്ച ഉത്തരവ് ഇറക്കിയോ; വിശദാംശം നൽകാമോ?

## **<u>തൃക്കാക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ</u>**

2442 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള കാലയളവിൽ ആകെ എത്ര പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം അനുവദിച്ച ഓരോ പദ്ധതിയുടേയും പേര്, അനുവദിച്ച തുക, പൂർത്തിയായ പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ബജറ്റിൽ വകയിരുത്തിയ പ്രവൃത്തികൾ

2443 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 - 25 കാലയളവിലുള്ള സംസ്ഥാന ബജറ്റുകളിൽ 20 ശതമാനം തുക വകയിരുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചുവെന്നും അവയിൽ ഭരണാനുമതി ലഭിച്ചവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദമായ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതലയുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ ബജറ്റിൽ 20 ശതമാനം തുക നീക്കിവച്ച പദ്ധതികൾ

2444 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ബജറ്റിൽ 20 ശതമാനം തുക നീക്കിവച്ച കാസർഗോഡ് ജില്ലയിലെ വിവിധ പദ്ധതികളുടെ പേരു വിവരങ്ങൾ, വർഷം എന്നിവ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വിവരം ലഭ്യമാക്കാമോ?

## ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ്

2445 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തെ ബജറ്റ് മറുപടി പ്രസംഗത്തിൽ ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ്, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക അനുവദിക്കുമെന്ന് പ്രഖ്യാപിച്ചതിനെത്തുടർന്ന് ഇറിഗേഷൻ വകുപ്പ് മുഖേന സമർപ്പിച്ച 13.50 കോടി രൂപയുടെ പ്രപ്പോസലിൽ അപ്രോച്ച് റോഡ് നിർമ്മാണത്തിനു മാത്രം അനുമതി നൽകുകയും ആർ.സി.ബി. പ്രവർത്തനക്ഷമമാക്കുന്നതിന് അനുമതി ലഭിക്കാതിരിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പൂർത്തീകരണത്തിന് അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ

2446 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് സംസ്ഥാന ബജറ്റിൽ 20% തുക അനുവദിച്ചു എന്നത് സംബന്ധിച്ച വർഷം തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;വിശദാംശം നൽകാമോ?

## ഏറനാട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

2447 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ എം. എൽ. എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കാമോ; പൂർത്തിയാകാത്ത പ്രവൃത്തികളുടെ വിശദാംശവും അതിനുള്ള കാരണങ്ങളും എന്താണെന്ന് അറിയിക്കാമോ?

## തൊടുപുഴ മണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ

2448 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ?

## ക്ഷേമ പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

2449 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ നൽകുന്നതിന് നിലവിലുള്ള അർഹത മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നിർദ്ധന കുടുംബത്തിലെ അംഗമെന്ന നിലയിൽ പെൻഷൻ കൈപ്പറ്റി വരികയും കുടുംബത്തിലെ അംഗം 2000 സ്ക്വയർ ഫീറ്റിൽ അധികമുള്ള വീട് നിർമ്മിക്കുകയും ചെയ്യുന്നപക്ഷം പെൻഷൻ തടയപ്പെടുന്ന വയോധികരുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകി പെൻഷൻ നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

## ക്ഷേമനിധി പെൻഷനും സാമൂഹ്യ ക്ഷേമ പെൻഷനും

2450 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധികളിൽ അംഗത്വമെടുക്കുകയും അംശദായം കൃത്യമായി അടയ്ക്കുകയും ചെയ്യുവർക്ക് പെൻഷനായി എത്ര രൂപ വീതമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമനിധി പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പല ക്ഷേമനിധി ബോർഡുകളിൽ നിന്നും കൃത്യമായി പെൻഷൻ ലഭിക്കാതിരിക്കുകയും എന്നാൽ സാമൂഹ്യ ക്ഷേമ പെൻഷൻ കൃത്യസമയത്ത് ലഭിക്കുകയും ചെയ്യുന്നതുമൂലം തങ്ങൾക്കും സാമൂഹ്യ ക്ഷേമ പെൻഷൻ മതിയെന്ന ആവശ്യവുമായി ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർ സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ഒരേ സമയം സാമൂഹ്യ ക്ഷേമ പെൻഷനും ക്ഷേമനിധി പെൻഷനും വാങ്ങാൻ അനുമതി നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## <u>കാസർകോട് വികസന പാക്കേജ്</u>

2451 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വികസന പാക്കേജിന് കഴിഞ്ഞ 10 വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാക്കേജുമായി ബന്ധപെട്ട് ഓരോ പ്രവൃത്തിക്കുമായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ വർഷവും ബജറ്റിൽ നീക്കി വച്ച തുക കാസർകോട് വികസന പാക്കേജിന് തന്നെ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർകോട് വികസന പാക്കേജിന്റെ ഭാഗമായി വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കിയ കരാറുകാർക്ക് തുക നൽകുന്നതിൽ കുടിശ്ശിക നിലവിലുണ്ടോ; എങ്കിൽ, എത്ര കാലമായി ഈ കുടിശ്ശിക തുടരുന്നുവെന്നും പ്രവൃത്തിയും കരാറുകാരനും തിരിച്ച് വ്യക്തമാക്കാമോ?

## <u>അധ്യാപക തസ്തിക നിർണയ ഫയലിനുള്ള ധനകാര്യ വകുപ്പിന്റെ അംഗീകാരം</u>

2452 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് ധനകാര്യ വകുപ്പിലേക്ക് അയച്ച 2025-26 വർഷത്തെ അധ്യാപക തസ്തിക നിർണയ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പ്രസ്തുത ഫയലിന് അംഗീകാരം നൽകുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയലിനു എന്നത്തേക്ക് അംഗീകാരം നൽകുമെന്ന് വെളിപ്പെടുത്തുമോ; എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിക്കപ്പെടുന്നത്; നഷ്ടപ്പെടുന്ന തസ്തികകളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ;

(സി) അധ്യയന വർഷം അവസാനിക്കാൻ ദിവസങ്ങൾ മാത്രമുള്ളപ്പോഴും അധ്യാപകർക്ക് ദിവസ വേതനം പോലും ലഭിക്കാത്ത സാഹചര്യം ഗൗരവമായി കണ്ട് പരിഹാരം കാണുമോ;വിശദമാക്കുമോ?

## പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

2453 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 27.06.2023-ലെ ജി.ഒ.(ആർ.ടി.) നമ്പർ 976/2023/എച്ച്.ഇ.ഡി.എൻ. പ്രകാരം ഭരണാനുമതി ലഭിച്ച പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## സംസ്ഥാനത്തെ അക്രഡിറ്റഡ് ഏജൻസികൾ

2454 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അക്രഡിറ്റഡ് ഏജൻസികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം അക്രഡിറ്റഡ് ഏജൻസികൾക്ക് അനുമതി നൽകിയിട്ടുള്ളതിന്റെ ഉദ്ദേശം വിശദമാക്കാമോ;

(സി) അക്രഡിറ്റഡ് ഏജൻസികളുടെ സെന്റേജ് നിശ്ചയിക്കുന്ന മാനദണ്ഡം വിശദമാക്കാമോ;

(ഡി) ഓരോ മണ്ഡലത്തിലും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് പ്രവൃത്തികൾ നിർവഹിക്കുന്നതിന് എം.എൽ.എ. മാർക്ക് സ്വാതന്ത്ര്യം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) നിർവ്വഹണ ഏജൻസികൾ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുന്ന അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തന മേന്മ, കഴിവ് എന്നിവ നിശ്ചയിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇത്തരം ഏജൻസികളുടെ പരാജയങ്ങൾക്കുള്ള ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ജി) അംഗങ്ങളുടെ മണ്ഡല വികസന പദ്ധതികളിൽ ഇത്തരം ഏജൻസികളെ ചുമതലപ്പെടുത്തി സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ?

## പൊതുജനാരോഗ്യമേഖലയിലെ കിഫ്ബി പദ്ധതികൾ

2455 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുജനാരോഗ്യമേഖലയിൽ കിഫ്ബി മുഖേന എത്ര കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ ഇനിയും പൂർത്തീകരിക്കാത്ത എത്ര പദ്ധതികൾ ഉണ്ടെന്ന് അറിയിക്കാമോ?

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം**

2456 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് കിഫ്ബി ഫണ്ട് വകയിരുത്തി ഏതൊക്കെ റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് റെയിൽവേ വിഹിതം നൽകിയിട്ടുണ്ടോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ;

(സി) കിഫ്ബി വഴി ഏറ്റെടുത്ത മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പൂർത്തിയാക്കാനുള്ളവ ഏതെല്ലാം; വിശദാംശം നൽകാമോ;

(ഡി) ഇതിൽ ഏതൊക്കെ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്തു; കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) ഇവയിൽ ഏതൊക്കെ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചുവെന്നും ഓരോന്നിലും നടപടികൾ ഏതൊക്കെ ഘട്ടങ്ങളിലാണെന്നും വിശദീകരിക്കുമോ?

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റിന്റെ ആധുനികവൽക്കരണം**

2457 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തികരിക്കാനുണ്ടെന്നും പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം**

2458 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

2459 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവൺമെന്റ് യു.പി. സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണ പുരോഗതി

2460 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം പണം അനുവദിച്ച കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് സി.ആർ.സെഡ് ക്ലിയറൻസ് ലഭിച്ചോയെന്ന് വ്യക്തമാക്കാമോ;

(സി) സി.ആർ.സെഡ് ക്ലിയറൻസ് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

## ഏറനാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2461 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ധനസഹായത്തോടെ ഏറനാട് മണ്ഡലത്തിൽ എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അതിൽ ഭരണാനുമതി നൽകിയ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും മറ്റ് പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

## കരുനാഗപ്പള്ളി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2462 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

2463 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ നികുതി, നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ പരിഷ്കരിക്കുന്നതിനും പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) അനാവശ്യ ചെലവുകളും ധൂർത്തുകളും ഒഴിവാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ് എന്ന് പറയുമ്പോൾ തന്നെ പി.ആർ.വർക്കിനും മറ്റ് ചെലവുകൾക്കും വൻ തുകകൾ അനുവദിക്കുന്നത് സർക്കാരിന്റെ കടബാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## 2025-26 സാമ്പത്തിക വർഷത്തെ തനത് നികുതി വരുമാനം

2464 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിൽ സർക്കാർ ബജറ്റ് എസ്റ്റിമേറ്റ് ആയി പ്രതീക്ഷിച്ച തനത് നികുതി വരുമാനം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ തനത് നികുതി വരുമാനം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

## വൈദ്യുതിക്കുമേൽ നികുതിയും, ഡ്യൂട്ടിയും എന്ന ഇനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക

2465 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ വൈദ്യുതിക്ക് മേൽ നികുതിയും, ഡ്യൂട്ടിയും എന്ന ഇനത്തിൽ 2026-27 സാമ്പത്തിക വർഷം 1475 കോടി എസ്റ്റിമേറ്റ് ആയി കണക്കാക്കിയതിനുള്ള കാരണം വിശദമാക്കാമോ;

(ബി) മുൻ സാമ്പത്തിക വർഷങ്ങളിൽ 100 കോടി രൂപയിൽ താഴെ മാത്രം വരുമാനം ലഭിച്ചിരുന്ന ഈ ഇനത്തിൽ നിലവിൽ ഇത്രയും വലിയ തുക എസ്റ്റിമേറ്റ് ആയി കണക്കാക്കിയത് ബജറ്റ് തുക പെരുപ്പിച്ച് കാണിക്കാനാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ആംനസ്റ്റി പദ്ധതി

2466 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി വാണിജ്യ നികുതി കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ചതെന്നാണെന്ന് വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ എത്രപേർ പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ;

(സി) കോടതി വ്യവഹാരങ്ങളിലുള്ള കുടിശ്ശികകൾ തീർക്കുന്നതിന് ഈ കാലയളവിൽ പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്താമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ എത്ര പേർ പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഉദ്യോഗസ്ഥർ ഇത്തരം കോടതി വ്യവഹാരങ്ങളിലുള്ള നികുതി കുടിശ്ശിക ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ജി.എസ്.ടി. സ്ലാബ് മാറ്റം മൂലമുള്ള വരുമാന നഷ്ടം</u>

2467 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സ്ലാബുകളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് പ്രതിവർഷമുണ്ടാകുന്ന വരുമാന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ; ഈ വരുമാന നഷ്ടം നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

## <u>ജി.എസ്. ടി നടപ്പിലാക്കിയതിൽ ഉണ്ടായ സാമ്പത്തിക നഷ്ടം</u>

2468 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതു മുതൽ സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ എത്ര കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്നും ഇത് ഏതൊക്കെ വർഷങ്ങളിലാണെന്നും അറിയിക്കാമോ?

## <u>ജി.എസ്.ടി. വരുമാനത്തിലെ വർദ്ധനവ്</u>

2469 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിൽ സർക്കാർ ബജറ്റ് എസ്റ്റിമേറ്റ് ആയി പ്രതീക്ഷിച്ച ജി.എസ്.ടി. വരുമാനം സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രതീക്ഷിച്ച ജി.എസ്.ടി. വരുമാനം സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) ജി.എസ്.ടി. വരുമാനം ഉയർത്താനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ആയവ കാര്യക്ഷമമാണോയെന്നും വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ഐ.ജി.എസ്.ടി.നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ

2470 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ജി. എസ്. ടി. വരുമാനത്തിൽ പ്രതീക്ഷിച്ച വർധനവ് ലഭിക്കാത്ത സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ;

(ബി) ഇ-കൊമേഴ്സ് വെബ്സൈറ്റുകൾ വഴി സംസ്ഥാനത്തിനകത്ത് നടത്തുന്ന വാങ്ങലുകൾക്ക് ഐ. ജി. എസ്. ടി. ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഐ. ജി. എസ്. ടി. നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ചരക്ക് സേവന നികുതി വകുപ്പിലെ ഒഴിവുകളും സ്ഥാനക്കയറ്റവും

2471 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ എത്ര ഓഫീസർമാരാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത വകുപ്പിൽ നിലവിൽ അസിസ്റ്റന്റ് കമ്മീഷണർമാരുടെ എത്ര ഒഴിവുകൾ ആണ് ഉള്ളത്; ഈ തസ്തികയിൽ ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് എന്തുകൊണ്ടാണ് നികത്താതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആകെയുള്ള സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയുടെ 25 ശതമാനം അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ആയി പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്കൊണ്ട് പ്രസ്തുത 25 ശതമാനം ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് കമ്മീഷണർ ആയി സ്ഥാനക്കയറ്റം നൽകിയിട്ടില്ല എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വകുപ്പിൽ എത്ര ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഒഴിവുകൾ ആണ് നിലവിലുള്ളത്; നിലവിലുള്ള പ്രസ്തുത ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തിക

2472 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ എത്ര ഉദ്യോഗസ്ഥരാണ് നിലവിലുള്ളത്; പ്രസ്തുത വകുപ്പിൽ നിലവിൽ അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിൽ എത്ര ഒഴിവുകൾ ആണ് നിലവിലുള്ളത്; ഈ തസ്തികയിൽ ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് നികത്താത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആകെയുള്ള സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയുടെ 25 ശതമാനം അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ആയി പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കൊണ്ട് പ്രസ്തുത 25 ശതമാനം ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് കമ്മീഷണർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടില്ല എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വകുപ്പിൽ എത്ര ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; പ്രസ്തുത ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വകുപ്പിൽ നേരിട്ട് നിയമനം ലഭിച്ച സ്റ്റേറ്റ് ടാക്സ് ഓഫീസർമാരും സ്ഥാനക്കയറ്റം മുഖേന നിയമനം ലഭിച്ച സ്റ്റേറ്റ് ടാക്സ് ഓഫീസർമാരും തമ്മിലുള്ള സീനിയോരിറ്റി സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 01.01.2026-ലെ O.A. No. 653/2022 വിധി നടപ്പിലാക്കുന്നതിൽ നിയമതടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

## <u>ട്രഷറി നിയന്ത്രണം</u>

2473 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രഷറി നിയന്ത്രണം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പത്ത് ലക്ഷം രൂപയിൽ അധികമുള്ള ബില്ലുകൾ മാറാൻ കഴിയുന്നില്ലയെന്ന കാസർകോട് ജില്ലയിലെ കരാറുകാരുടെ പരാതി വസ്തുതാപരമാണോ; എങ്കിൽ കാസർകോട് ജില്ലയിൽ പത്ത് ലക്ഷത്തിലധികം വരുന്ന തുക കിട്ടാനുള്ള കരാറുകാർ എത്രയുണ്ടെന്നും ഓരോരുത്തർക്കും കിട്ടാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) കാസർകോട് ജില്ലയിൽ കരാറുകാരുടെ കുടിശിക എത്രയാണെന്നും എത്ര കാലമായി ഈ കുടിശിക തുടരുന്നുവെന്നും വ്യക്തമാക്കാമോ?

## <u>കോട്ടക്കൽ മണ്ഡലത്തിലെ സബ് ട്രഷറികളുടെ നിർമ്മാണം</u>

2474 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ സബ് ട്രഷറികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വളാഞ്ചേരി സബ് ട്രഷറിക്ക് വേണ്ടി ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ള ഭൂമിയും കോട്ടക്കൽ സബ് ട്രഷറിക്ക് വേണ്ടി രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമിയും ലഭ്യമാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## എരുമേലി സബ് ട്രഷറിക്ക് പുതിയ കെട്ടിടം

2475 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി സബ് ട്രഷറിക്ക് സൗജന്യമായി ലഭിച്ചിട്ടുള്ള ഭൂമിയിൽ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നിലമ്പൂർ സബ് ട്രഷറി

2476 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സബ് ട്രഷറിയുടെ പരിധിയിൽ പുതുതായി നിരവധി സ്ഥാപനങ്ങൾ വന്നിട്ടും സബ് ട്രഷറിയിൽ ഇപ്പോഴും പഴയ സ്റ്റാഫ് പാറ്റേൺ അതേപടി തുടരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന നിലമ്പൂർ സബ് ട്രഷറിക്കായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## വാഹനങ്ങളുടെ ഫാൻസി നമ്പറുകൾക്കുള്ള നിരതദ്രവ്യം

2477 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പിൽ പുതുതായി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള വാഹനങ്ങൾക്ക് ഫാൻസി നമ്പർ ലഭിക്കുന്നതിനായി ഓൺലൈൻ ട്രഷറി വെബ്സൈറ്റ് മുഖേന അപേക്ഷകർ ഒടുക്കുന്ന തുക ലേലത്തിൽ വിജയിക്കാത്ത പക്ഷം മടക്കി നൽകുന്നതിന് സ്വീകരിക്കുന്ന നടപടികളെന്തെന്നും പ്രസ്തുത തുക അപേക്ഷകർക്ക് മടക്കി നൽകാനെടുക്കുന്ന സമയപരിധി എത്രയെന്നും വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ തുക മടക്കി നൽകുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ട്രഷറി വകുപ്പ് പുനർനിശ്ചയിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ട്രഷറിയിൽ നിന്നുമുള്ള പുതുക്കിയ ഉത്തരവ് പ്രകാരം ഓരോ അപേക്ഷകനും തുക മടക്കി നൽകുന്നതിന് പ്രത്യേകം ഉത്തരവുകൾ മോട്ടോർ വാഹന വകുപ്പ് പുറപ്പെടുവിക്കണമെന്ന നിർദ്ദേശം അപേക്ഷകന് തുക മടക്കി ലഭിക്കുന്നതിന് പ്രായോഗിക തലത്തിൽ വളരെ ബുദ്ധിമുട്ടും കാലതാമസവും

ഉണ്ടാക്കുന്നുവെന്നതിനാൽ തുക വേഗത്തിൽ മടക്കി നൽകുന്നതിനുതകുന്ന രീതിയിലുള്ള നിർദ്ദേശം പുറപ്പെടുവിക്കുമോ;

(ഡി) ലേലത്തിൽ പങ്കെടുത്ത് വിജയിക്കാത്ത അപേക്ഷകൻ അടുത്ത ലേലത്തിൽ പങ്കെടുക്കുന്നതിന് വീണ്ടും ട്രഷറിയിൽ തുക നിക്ഷേപിക്കേണ്ടി വരുന്നതും ആദ്യം കെട്ടി വച്ച തുക തിരിച്ചു കൊടുക്കാതെ ട്രഷറിയിൽ അവശേഷിപ്പിക്കുന്ന പ്രവണത അപേക്ഷകർക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

## ഫാൻസി വാഹന നമ്പറിനായി ട്രഷറിയിൽ ഒടുക്കിയ തുക

2478 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ നിന്നും ഫാൻസി വാഹന നമ്പർ ലഭിക്കുന്നതിനായി ട്രഷറിയിൽ അപേക്ഷകർ ഒടുക്കിയ തുകയുടെ 09.02.2026 വരെയുള്ള കഴിഞ്ഞ 6 മാസത്തെ കണക്കുകൾ നൽകാമോ; ഇതിൽ എത്ര തുക തിരിച്ച് നൽകാനുണ്ട്; വ്യക്തമാക്കുമോ;

(ബി) 2025 ഡിസംബർ, 2026 ജനുവരി മാസങ്ങളിൽ എത്ര തുക വരവ് വച്ചിട്ടുണ്ടെന്നും ലേലത്തിൽ വിജയിക്കാത്ത അപേക്ഷകരുടെ എത്ര തുക തിരികെ നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഇ-ട്രഷറി സംവിധാനത്തിൽ ഓൺലൈൻ പേയ്മെന്റ് നടത്താൻ സൗകര്യം ഏർപ്പെടുത്തിയത് പോലെ തന്നെ അപേക്ഷകർക്ക് ലേലം വിജയിക്കാത്ത പക്ഷം തുക പിൻവലിക്കുന്നതിനുള്ള അപേക്ഷ കൂടി ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ച് വിശദമാക്കുമോ; ഇതുവഴി ലഭിക്കുന്ന അപേക്ഷകൾ എത്ര ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നുണ്ടെന്ന് അറിയിക്കുമോ?

## പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ മസ്റ്ററിംഗ്

2479 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ച മറ്റ് സർക്കാർ ജോലികൾ ഇല്ലാത്ത പെൻഷൻകാർക്ക് കേരളത്തിലെ ഏത് ട്രഷറിയിലും മസ്റ്ററിംഗ് ചെയ്യുവാൻ സാധിക്കുമോ;

(ബി) എങ്കിൽ മസ്റ്ററിംഗ് ചെയ്യുന്ന ട്രഷറിയിൽ തന്നെ നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് സ്വീകരിക്കുമോ;

(സി) നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് എത്ര വയസ്സ് വരെയുള്ളവർക്കാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) മസ്റ്ററിംഗും നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റും എപ്പോഴൊക്കെയാണ് നൽകേണ്ടതെന്ന കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് പകരം, സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഒരു ട്രഷറിയിൽ നിന്ന് മറ്റൊരു ട്രഷറിയിലേക്ക് പെൻഷൻ മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**എടക്കര സബ് ട്രഷറിയിലെ സ്റ്റാഫ് പാറ്റേണും സബ് ട്രഷറിയുടെ പുതിയ കെട്ടിടവും**

2480 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടക്കര സബ് ട്രഷറിയുടെ പരിധിയിലേക്ക് പുതിയതായി നിരവധി സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടും സബ് ട്രഷറിയിലെ സ്റ്റാഫ് പാറ്റേൺ മുൻപുണ്ടായിരുന്ന അതേപടി തുടരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) എടക്കര സബ് ട്രഷറിക്കായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**ലോട്ടറി ടിക്കറ്റ് നറുക്കെടുപ്പുകളിലെ ഒന്നാം സമ്മാനാർഹരായവരുടെ വിവരങ്ങൾ**

2481 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തുന്ന ലോട്ടറികളുടെ നറുക്കെടുപ്പിൽ ഒന്നാം സമ്മാനാർഹരായവരുടെ വിവരങ്ങൾ പുറത്തുവിടുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ടിക്കറ്റ് നഷ്ടപ്പെടുകയോ സമ്മാനം ലഭ്യമായ വിവരം അറിയാതെ പോവുകയോ ചെയ്തതുമൂലം 2025 ജനവരി മുതൽ 2025 ഡിസംബർ മാസം വരെ ഓരോ മാസവും ഒന്നാം സമ്മാനം ക്ലെയിം ചെയ്യാത്ത എത്ര കേസുകൾ ഉണ്ടെന്നും ഈ ഇനത്തിൽ ഓരോ മാസവും സർക്കാരിലേക്ക് എത്ര തുക ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ഒന്നാം സമ്മാനം ക്ലെയിം ചെയ്യാതെ സർക്കാരിലേക്ക് ലഭിച്ച തുക എത്രയെന്ന വിശദാംശം നൽകണമെന്ന വിവരാവകാശ കമ്മീഷൻ ഉത്തരവിന്മേൽ സർക്കാർ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിവരം നൽകാതെ സ്റ്റേ വാങ്ങിയതിന്റെ കാരണം വിശദമാക്കാമോ?

**വില്പന നടത്തിയ ലോട്ടറി ടിക്കറ്റുകളുടെ വിശദാംശം സൂക്ഷിക്കുന്നത് സംബന്ധിച്ച്**

2482 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ദിവസവും നടത്തുന്ന ലോട്ടറി നറുക്കെടുപ്പിൽ എത്ര ടിക്കറ്റുകൾ വിറ്റു പോയിട്ടുണ്ടെന്നും അതിന്റെ ആകെ വരുമാനം എത്രയെന്നും അതിൽ എത്ര രൂപ സമ്മാനമായി നൽകിയിട്ടുണ്ടെന്നും സമ്മാനം കൈപ്പറ്റാതെ എത്ര രൂപ സർക്കാരിന് ലഭിച്ചു എന്നുള്ള വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ലായെങ്കിൽ ഇത്തരത്തിൽ വ്യക്തമായ കണക്ക് ഒരു സർക്കാർ സ്ഥാപനം സൂക്ഷിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത കണക്കുകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് പുറത്തുവിടുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സം ഉണ്ടോയെന്നത് വിശദമാക്കാമോ?

## ലോട്ടറി തൊഴിലാളികൾക്കുള്ള വികസന പ്രവർത്തനങ്ങൾ

2483 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ലോട്ടറി തൊഴിലാളികളുടെ ക്ഷേമത്തിനായി ഭാവിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പുതുതായി ആരംഭിച്ച കെ.എസ്.എഫ്.ഇ. ശാഖകൾ

2484 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പുതുതായി എത്ര കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിച്ചിട്ടുണ്ടെന്നും അതെവിടെയൊക്കെയാണെന്നും എന്ന് മുതലാണ് ആരംഭിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## കമ്പനി/ബോർഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് കെ.എസ്.എഫ്.ഇ.യിലെ നിയമനം

2485 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ കുസാറ്റ് സ്റ്റഡി റിപ്പോർട്ട് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ പ്രാബല്യത്തിലാണ് നിലവിൽ വന്നതെന്നും റിപ്പോർട്ട് പ്രകാരം ഓരോ തസ്തികയിലും നിശ്ചയിച്ചിരിക്കുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ പി.എസ്.സി.യുടെ കമ്പനി/ബോർഡ് അസിസ്റ്റന്റ് (കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി.) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവരുടെ നിയമനത്തിന് കുസാറ്റ് സ്റ്റഡി റിപ്പോർട്ട് ബാധകമാണോ; ഈ സ്റ്റഡി റിപ്പോർട്ട് നടപ്പിലാക്കുന്നതുമൂലം പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമന ശിപാർശകൾ നൽകുന്നത് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കാറ്റഗറി നം.026/2022 റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.യിൽ നിന്ന് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; 2024 മാർച്ച് 13-ന് ശേഷം വേക്കൻസി റിപ്പോർട്ടിംഗുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഇ.യിൽ എത്ര

ബിസിനസ്സ് റിവ്യൂ മീറ്റിംഗുകൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ആയത് പ്രകാരം മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) 2024 മാർച്ച് മുതൽ കെ.എസ്.എഫ്.ഇ.യിൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ഒഴിവും ഏത് തരത്തിലാണ് (റിട്ടയർമെന്റ്, പ്രൊമോഷൻ, ബിസിനസ്സ് ഡെവലപ്മെന്റ് തുടങ്ങിയവ) വന്നിട്ടുള്ളതെന്നും ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ?

## <u>രണ്ടാംഘട്ട മെഡിസെപ്പ് പദ്ധതി</u>

2486 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയിട്ടുള്ള രണ്ടാംഘട്ട മെഡിസെപ്പിൽ ഒന്നാം ഘട്ടത്തിൽ നിന്ന് എന്തൊക്കെ വ്യത്യാസങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു ജീവനക്കാരൻ മെഡിസെപ്പ് പദ്ധതിയിൽ അംഗമായിട്ടുണ്ടെങ്കിൽ ആ വ്യക്തിക്കും കുടുംബത്തിനും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ കിട്ടുന്ന സാഹചര്യത്തിൽ ഒരു കുടുംബത്തിൽ ഒന്നിലധികം ജീവനക്കാർ ഉണ്ടെങ്കിൽ അവരിൽ നിന്നെല്ലാം മെഡിസെപ്പ് ഇൻഷുറൻസ് തുക ഈടാക്കുന്നത് ഒഴിവാക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കിയ മെഡിസെപ്പ് പദ്ധതി പ്രകാരം ജീവനക്കാർക്കും പെൻഷൻകാർക്കും ചികിത്സ നേടാൻ പറ്റുന്ന ആശുപത്രികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടാത്ത ആശുപത്രികളിൽ നിന്ന് സർക്കാർ ജീവനക്കാർ ചികിത്സ തേടുന്നതിന് മറ്റൊരു ഇൻഷുറൻസ് പദ്ധതിയിൽ കൂടി ചേരേണ്ടി വരുന്ന സാഹചര്യം പരിഗണിച്ചുകൊണ്ട് മറ്റ് ആരോഗ്യ ഇൻഷുറൻസുകൾ എടുത്തിട്ടുണ്ടെങ്കിൽ മെഡിസെപ്പിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള അവസരം ജീവനക്കാർക്ക് ലഭ്യമാക്കുമോ എന്ന് അറിയിക്കാമോ;

(ഇ) മെഡിസെപ്പ് പദ്ധതി ഓപ്ഷണൽ ആക്കുന്നതിന് നിലവിൽ തടസ്സം എന്തെങ്കിലും ഉണ്ടെങ്കിൽ അത് അറിയിക്കാമോ?

## <u>മെഡിസെപ്പ് പദ്ധതി</u>

2487 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്കുള്ള മെഡിസെപ്പ് പദ്ധതിയിൽ ഗവൺമെന്റ് എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) മെഡിസെപ്പിന് കീഴിൽ വരുന്ന ആശുപത്രികളുടെ എണ്ണത്തിൽ വർദ്ധന വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) മെഡിസെപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും അവിടെയുള്ള എല്ലാ ചികിത്സാ വിഭാഗവും മെഡിസെപ്പിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## രണ്ടാം ഘട്ട മെഡിസെപ്പ് പദ്ധതി

2488 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ഘട്ട മെഡിസെപ്പ് നടപ്പിലാക്കുമ്പോൾ ക്ലെയിം സെറ്റിൽമെന്റ് വൈകുന്നത് ഒഴിവാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ക്ലെയിം സെറ്റിൽമെന്റിൽ പരാതി പരിഹാര സംവിധാനത്തിന്റെ കാര്യക്ഷമത എങ്ങനെ ഉറപ്പാക്കുന്നുവെന്ന് വിശദമാക്കമോ;

(സി) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നിരസിക്കപ്പെട്ട ക്ലെയിമുകളുടെ എണ്ണം എത്രയായിരുന്നു; രണ്ടാം ഘട്ടത്തിൽ അത് കുറയ്ക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

## മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ

2489 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## മെഡിസെപ് പദ്ധതി

2490 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് രണ്ടാം ഘട്ട പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിസെപ് പദ്ധതി നിലവിലുള്ള ആശുപത്രികളിൽ എല്ലാ ചികിത്സകൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## പ്രോസിക്യൂഷൻ, നീതിന്യായ സംവിധാനങ്ങളുടെ പരിഷ്കരണം

2491 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോസിക്യൂഷൻ, നീതിന്യായം എന്നീ വ്യവസ്ഥാപിത സംവിധാനങ്ങളിലെ പഴുതുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ ചിലതിലെങ്കിലും ബോധപൂർവ്വമോ അല്ലാതെയോ നിരപരാധികൾ പ്രതിചേർക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും അതേസമയം യഥാർത്ഥ പ്രതികൾ

സ്വതന്ത്രരായി നടക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ സമഗ്രമായ ഒരു പരിശോധനയും പരിഷ്കരണ നടപടികളും നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>സർക്കാറിന് വേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള അഭിഭാഷകരുടെ ശമ്പളവും യാത്രാബത്തയും</u>**

2492 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയിൽ സർക്കാറിന് വേണ്ടി കേസുകൾ വാദിക്കാൻ 2016 മുതൽ നാളിതുവരെ നിയോഗിക്കപ്പെട്ടിട്ടുള്ള പ്ലീഡർമാരുടെ വിവരവും അവർക്ക് ശമ്പളയിനത്തിലും മറ്റുതരത്തിലും നൽകിയിട്ടുള്ള തുക എത്രയെന്നും പ്രത്യേകം ലഭ്യമാക്കാമോ;

(ബി) സുപ്രീം കോടതിയിൽ സർക്കാറിന് വേണ്ടി കേസുകൾ വാദിക്കാൻ 2016 മുതൽ നാളിതുവരെ നിയമിക്കപ്പെട്ടിട്ടുള്ള സർക്കാർ അഭിഭാഷകരുടെയും കൗൺസിൽമാരുടെയും വിവരവും അവർക്ക് ശമ്പളയിനത്തിലും മറ്റുതരത്തിലും നൽകിയിട്ടുള്ള തുക എത്രയെന്നും പ്രത്യേകം വ്യക്തമാക്കാമോ;

(സി) സുപ്രീംകോടതിയിലും ഹൈക്കോടതിയിലും മറ്റു കോടതികളിലും വിവിധ കേസുകൾ വാദിക്കുന്നതിന് 2016 മുതൽ നാളിതുവരെ സർക്കാർ നിയമിച്ചിട്ടുള്ള പബ്ലിക് പ്രോസിക്യൂട്ടർമാർ, സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ, മറ്റ് അഭിഭാഷകർ എന്നിവരുടെ വിവരവും അവർക്ക് ശമ്പളയിനത്തിലും മറ്റുതരത്തിലും നൽകിയിട്ടുള്ള തുക എത്രയെന്നും പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) സർക്കാർ നിയമിച്ചിട്ടുള്ള പ്രോസിക്യൂട്ടർമാർ, സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ എന്നിവർക്ക് പുറമേ കേസുകൾ വാദിക്കാൻ സുപ്രീംകോടതി, ഹൈക്കോടതി, മറ്റ് കോടതികൾ എന്നിവിടങ്ങളിൽ അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട് എങ്കിൽ ഏതെല്ലാം കേസുകൾക്ക് വേണ്ടിയാണ് അത് എന്നും അതിനുവേണ്ടി നിയോഗിക്കപ്പെട്ട അഭിഭാഷകർക്ക് ഫീസിനത്തിലും യാത്രപ്പടിയായും മറ്റുതരത്തിലും നൽകിയിട്ടുള്ള തുക എത്രയെന്നും പ്രത്യേകം അറിയിക്കാമോ?

**<u>പുന:പരിശോധനയിലോ ഭേദഗതിയിലോ ഉള്ള സംസ്ഥാന നിയമങ്ങൾ</u>**

2493 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പുന:പരിശോധനയിലോ ഭേദഗതിയിലോ ഉള്ള സംസ്ഥാന നിയമങ്ങൾ എതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കാൻ പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് അതിലെ അംഗങ്ങളെന്ന് അറിയിക്കാമോ?

**<u>കുറ്റ്യാടി മണിമല നാളികേര പാർക്ക്</u>**

2494 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണിമല നാളികേര പാർക്കിൽ വ്യവസായങ്ങൾ ക്ഷണിക്കുന്നതിന്റെ ഭാഗമായി സംരംഭകരുടെ യോഗം വിളിച്ച് ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## പൊതുമേഖലാ-സ്വയംഭരണ, സഹകരണ സ്ഥാപനങ്ങളുടെ ലാഭ-നഷ്ട കണക്ക്

2495 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ-സ്വയംഭരണ, സഹകരണ സ്ഥാപനങ്ങളിൽ ആഡിറ്റ് പൂർത്തിയാക്കിയവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയും ഏതെല്ലാമാണെന്നും അവയുടെ ലാഭ-നഷ്ടം എത്രയാണെന്നും വിശദമാക്കാമോ;

(ബി) 2024-2025 സാമ്പത്തിക വർഷത്തിൽ പ്രവർത്തന ലാഭം കൈവരിച്ച സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ലാഭത്തിലായിരുന്ന സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അവ ലാഭത്തിലാക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

## വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

2496 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയിൽ നിലവിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഏതെല്ലാമെന്ന് ലാഭ/നഷ്ട കണക്ക് തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സമയബന്ധിതമായി ലാഭത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## കിനാലൂർ കെ. എസ്. ഐ. ഡി. സി.-യിലെ പുതിയ വ്യവസായങ്ങൾ

2497 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കിനാലൂർ കെ. എസ്. ഐ. ഡി. സി.-യിൽ എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കിനാലൂർ കെ. എസ്. ഐ. ഡി. സി.-യിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ സ്ഥലം ലഭ്യമാണോ; വിശദമാക്കാമോ;

(സി) കിനാലൂർ കെ. എസ്. ഐ. ഡി. സി.-യുടെ ഇന്റേണൽ റോഡ് നിർമ്മാണ പ്രവൃത്തിയിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിൽ ഉണ്ടായ വ്യാവസായിക മുന്നേറ്റങ്ങളുടെ സംക്ഷിപ്ത രൂപം

2498 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലം വ്യാവസായിക രംഗത്തും സംരംഭകരുമായി ബന്ധപ്പെട്ടും കണ്ണൂർ ജില്ലയിൽ ഉണ്ടായ മുന്നേറ്റങ്ങളുടെ സംക്ഷിപ്ത രൂപം ലഭ്യമാക്കാമോ?

## വ്യാവസായിക വികസന പരിപാടികൾ

2499 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിങ് മെച്ചപ്പെടുത്തുവാനും അതുമൂലം കൂടുതൽ നിക്ഷേപം ലഭിക്കുവാനും എടുത്ത നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലായി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാനായിട്ടുണ്ട്; വിശദമാക്കാമോ;

(സി) വിവിധ പദ്ധതികളിലൂടെ വ്യവസായരംഗത്ത് എത്രകോടി രൂപയുടെ പുതിയ നിക്ഷേപം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) വനിതാ സംരംഭകർക്കായി എന്തെല്ലാം പദ്ധതികളാണ് വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് വിശദമാക്കുമോ?

## വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

2500 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീനമായ സാങ്കേതികവിദ്യാ സൗകര്യങ്ങളോടെയുള്ള അടിസ്ഥാന സൗകര്യ വികസനം വ്യവസായ പാർക്കുകളുടെ വളർച്ചയ്ക്ക് ഏറെ പ്രധാനമാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാനം മുൻപന്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വ്യവസായ പ്രവർത്തനത്തിന് പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള റെഡി-ടു-യൂസ് പ്ലാറ്റ്ഫോം സംസ്ഥാനത്തെ വ്യവസായ പാർക്കുകളിൽ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) വ്യവസായ പാർക്കുകളെ ദേശീയ-സംസ്ഥാന പാതകളുമായി നേരിട്ട് ബന്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംരംഭകർക്ക് വൻ മുതൽമുടക്കില്ലാതെ വേഗത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്ലഗ് & പ്ലേ ആശയത്തിന്റെ ഭാഗമായി സ്റ്റാൻഡേർഡ്

ഡിസൈൻ ഫാക്ടറികൾ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**വിദേശനിക്ഷേപ സംഗമങ്ങൾ**

2501 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിൽ നടത്തിയ എല്ലാ നിക്ഷേപ സംഗമങ്ങളെയും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത നിക്ഷേപ സംഗമങ്ങളിൽ പങ്കെടുത്ത വിദേശ കമ്പനികളെയും, സ്വദേശ കമ്പനികളെയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് മൂന്നുലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്താൻ തയ്യാറായി വന്ന് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി എന്ന് അദ്ദേഹം അവകാശപ്പെട്ട വിദേശ കമ്പനിയെ സംബന്ധിച്ച വിശദാംശം നൽകാമോ; പ്രസ്തുത കമ്പനിയുമായി എന്തെങ്കിലും ധാരണപത്രം ഒപ്പു വച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

2502 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**അരുവിക്കര മണ്ഡലത്തിലെ വിവിധ പദ്ധതികൾ**

2503 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ വ്യവസായ വകുപ്പ് മുഖേന അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികൾ, അവയുടെ ഫണ്ട് വിവരം എന്നിവ അറിയിക്കാമോ;

(ബി) സംരംഭക വർഷം പദ്ധതി പ്രകാരം എത്ര യൂണിറ്റുകളാണ് ഈ കാലയളവിൽ മണ്ഡലത്തിൽ പുതിയതായി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**സംരംഭക വർഷം പദ്ധതി**

2504 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയിലൂടെ കോഴിക്കോട് ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചു എന്ന് വിശദമാക്കാമോ?

**സർക്കാർ ധനസഹായത്തോടെ ആരംഭിച്ച വ്യവസായ പദ്ധതികൾ**

2505 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021-ന് ശേഷം 100 കോടി രൂപയിലധികം മുതൽ മുടക്കി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ തുടങ്ങിയ വ്യവസായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യവസായം, മുതൽമുടക്ക്, തുടങ്ങിയ വർഷം, ആരംഭിച്ച ജില്ല, സർക്കാർ ധനസഹായം, പ്രസ്തുത പദ്ധതി മൂലം നേരിട്ട് ലഭിക്കുന്ന ജോലി തുടങ്ങിയ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുമോ;

(ബി) ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങിയവർക്ക് സബ്സിഡി ഇനത്തിൽ ഈ കാലയളവിൽ എത്ര തുക നൽകാനുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>ലോക സാമ്പത്തിക ഫോറം</u>

2506 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ, സംസ്ഥാനത്തെ വ്യവസായ രംഗത്തെ പുത്തൻ സാധ്യതകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രാജ്യത്തെ ആഗോള ബിസിനസിനുള്ള കവാടമായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യം സാധൂകരിക്കുന്നതിനായി പ്രസ്തുത സാമ്പത്തിക ഫോറത്തിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദീകരിക്കാമോ;

(സി) കഴിഞ്ഞ വർഷം സാമ്പത്തിക ഫോറത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മുൻ വർഷങ്ങളിൽ ലോക സാമ്പത്തിക ഫോറത്തിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിന് കഴിഞ്ഞിരുന്നോ; വ്യക്തമാക്കാമോ?

## <u>റെയർ എർത്ത് കോറിഡോർ</u>

2507 **ശ്രീ വി ജോയി**
**ശ്രീ. എച്ച്. സലാം**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായ അപൂർവ്വ ധാതുക്കളുടെ സാധ്യതകൾ പഠിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി ഈ രംഗത്തെ ഉപയോഗപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സംസ്ഥാനത്ത് റെയർ എർത്ത് കോറിഡോർ രൂപീകരണം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) റെയർ എർത്ത് കോറിഡോർ നടപ്പാക്കുന്നതിനനുകൂലമായ ഏതെല്ലാം ഘടകങ്ങൾ സംസ്ഥാനത്തുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഈ പദ്ധതി നടപ്പാകുന്നതോടുകൂടി സംസ്ഥാനത്തുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## സിറ്റി ഗ്യാസ് പദ്ധതി

2508 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിറ്റി ഗ്യാസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) സിറ്റി ഗ്യാസ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## എം. എസ്. എം. ഇ കൾ ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങളുടെ ശാക്തീകരണം

2509 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യുവജനങ്ങൾക്ക് സംസ്ഥാനത്തിനകത്ത് തന്നെ തൊഴിൽ ചെയ്യാനാകുംവിധം സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ എം. എസ്. എം. ഇ കൾ ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങൾക്ക് വലിയ പങ്ക് വഹിക്കാനാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) മികവുറ്റ മനുഷ്യവിഭവശേഷിയും ടാലന്റ് പൂളും നിലവിലുള്ള കേരളത്തിൽ വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും അനുയോജ്യമായ അന്തരീക്ഷം രൂപപ്പെടുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മൂല്യാധിഷ്ഠിത ഭക്ഷ്യസംസ്കരണ മേഖലയിലുള്ള എം. എസ്. എം. ഇ കൾക്ക് ലോകബാങ്കിന്റെ സഹകരണത്തോടെ ധനസഹായം നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) എം. എസ്. എം. ഇ കളേക്കാൾ ചെറിയ സംരംഭങ്ങളായ നാനോ സംരംഭങ്ങളെ ശക്തിപ്പെടുത്താൻ പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## കേരളത്തിൽ ആരംഭിച്ച വ്യവസായങ്ങളുടെ സംരക്ഷണം

2510 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം,

കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരംഭിച്ച വ്യവസായങ്ങളെ സംരക്ഷിക്കാത്തതു മൂലം മറ്റു സംസ്ഥാനങ്ങളിലേക്ക് അവ മാറ്റപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യവസായങ്ങളെ സംരക്ഷിക്കുന്നതു സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ;

(സി) ദശകങ്ങളായി പ്രവർത്തിക്കുന്നതും വിദേശനാണ്യം നേടിത്തന്നുകൊണ്ടിരിക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങൾ സർക്കാർ സംവിധാനങ്ങളുടെ തെറ്റായ ഇടപെടലുകൾ മൂലം സംസ്ഥാനത്തു നിന്നും പ്രവർത്തനം മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ മൺപാത്ര കുടിൽ വ്യവസായ സഹകരണസംഘം

2511 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിറ്റിശ്ശേരിയിലെ മുകുന്ദപുരം താലൂക്ക് മൺപാത്ര കുടിൽ വ്യവസായ സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്നും 20 സെന്റ് സ്ഥലം വിൽപ്പന നടത്തുന്നതിനായി, ഖാദി ബോർഡിന്റെ അനുമതി ലഭിച്ച സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മേൽ സൂചിപ്പിച്ച കാര്യത്തിൽ സമർപ്പിച്ച അപേക്ഷയിന്മേലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## തിരൂർ മണ്ഡലത്തിലെ വെറ്റില വ്യവസായം

2512 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിൽ വെറ്റില വ്യവസായം പരിപോഷിപ്പിക്കുന്നതിന് 2016 മുതൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരൂരിലെ വെറ്റില സംസ്കരണത്തിനും വ്യവസായികമായ വിപണനത്തിനും വ്യവസായ വകുപ്പ് തുക നീക്കിവെച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം 2016 മുതൽ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) തിരൂരിലെ വെറ്റില കർഷകർക്ക് വേണ്ടി വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമാ?

## റെയർ എർത്ത് കോറിഡോർ

2513 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നീണ്ടകര മുതൽ ആലപ്പുഴ തോട്ടപ്പള്ളി വരെയുള്ള തീരപ്രദേശങ്ങളിലെ കരിമണൽ നിക്ഷേപത്തിന്റെ സംസ്കരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിഴിഞ്ഞം തുറമുഖത്ത് നിന്ന് കൊല്ലത്തേയും കൊച്ചിയേയും ബന്ധപ്പെടുത്തി റെയർ എർത്ത് കോറിഡോർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കൊച്ചി, ബംഗളൂരു വ്യവസായ ഇടനാഴിയുടെ രണ്ടാംഘട്ട പ്രവൃത്തികൾ

2514 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി, ബംഗളൂരു വ്യവസായ ഇടനാഴിയുടെ രണ്ടാംഘട്ട പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കണ്ണമ്പ്ര വ്യവസായ പാർക്ക്

2515 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റിയുടെ ഭാഗമായ കണ്ണമ്പ്ര വ്യവസായ പാർക്കിൽ 179 ഭൂവുടമകളിൽ നിന്നും എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്കിൽ ഏതെല്ലാം വ്യവസായ സംരംഭങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും നിലവിൽ ഏറ്റെടുത്ത ഭൂമിയുടെ എത്ര ശതമാനമാണ് വ്യവസായങ്ങൾക്കായി വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

## വ്യവസായ പാർക്കുകൾ

2516 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ പാർക്കുകളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) ജില്ലയിൽ പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ പാർക്കുകളിൽ സ്ഥലം ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ?

## ആസ്ട്രൽ വാച്ചസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് പുതിയ സ്ഥാപനം തുടങ്ങാൻ നടപടി

2517 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് നഗരത്തിൽ ആസ്ടൽ വാച്ചസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് പുതുതായി ഏതെങ്കിലും വ്യവസായ സംരംഭം ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനത്തിന്റെയോ ഉത്തരവിന്റെയോ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭത്തിനാവശ്യമായ തുക എത്രയാണെന്നും പ്രസ്തുത തുക എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ മേൽപ്പറഞ്ഞതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രാരംഭ നടപടികൾ ആരംഭിക്കുമോ; വ്യക്തമാക്കാമോ?

## കോട്ടയം ജില്ലയിലെ സംരംഭക വർഷം പദ്ധതി

2518 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ പുതിയതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംരംഭങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

## തൊടുപുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

2519 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദാംശം ലഭ്യമാക്കാമോ?

## വ്യാവസായിക മേഖലയിലെ വിശദ വിവരങ്ങൾ

2520 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച ഫാക്ടറികളുടെ എണ്ണം എത്ര; ജില്ല തിരിച്ച് വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ വിവിധ ഇൻവെസ്റ്റ്മെന്റ് മീറ്റുകൾ, ഗ്ലോബൽ സമിറ്റുകൾ എന്നിവയിൽ ഒപ്പുവച്ച എം. ഒ. യു. (MoU)കളിൽ എത്ര ശതമാനം മാത്രം യഥാർത്ഥ നിക്ഷേപമായി മാറി; എത്ര പ്രോജക്ടുകൾ ഭൂമിയിടപാട്, പരിസ്ഥിതി അനുമതി, ലോക്കൽ എതിർപ്പ് മുതലായ കാരണങ്ങളാൽ നടപ്പിലാകാതെ നിൽക്കുന്നു; പ്രഖ്യാപിച്ച തൊഴിലവസരങ്ങളിൽ എത്ര എണ്ണം യഥാർത്ഥമായി സൃഷ്ടിച്ചു;

(സി) കിൻഫ്ര, കെ. എസ്. ഐ. ഡി. സി. തുടങ്ങിയ ഏജൻസികളുടെ ഇൻഡസ്ട്രിയൽ പാർക്കുകളിൽ എത്ര ശതമാനം ഭൂമി ഉപയോഗത്തിലുണ്ട്; ഉപയോഗിക്കാത്ത

ഭൂമിയുടെ വിസ്തൃതി എത്ര; പുതിയ വ്യവസായികൾക്ക് ഭൂമി ലഭിക്കാൻ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാം;

(ഡി) ഈ സർക്കാരിന്റെ കാലത്ത് വിവിധ ബജറ്റുകളിലായി വ്യവസായ വകുപ്പിന് അനുവദിച്ച മൂലധന ചെലവ് എത്രയാണ്; ആ ചെലവിന്റെ ഫലമായി ജി. ഡി. പി.-യിൽ വ്യവസായ മേഖലയുടെ ശതമാന വളർച്ച എത്രയായി; ചെലവും ഫലവും തമ്മിലുള്ള അനുപാതം ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ (ജി. എസ്. ഡി. പി.) വ്യവസായ മേഖലയുടെ സംഭാവന കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര ശതമാനം വീതമാണെന്ന് അറിയിക്കുമോ; സംസ്ഥാനം അവകാശപ്പെടുന്ന തരത്തിലുള്ള വ്യാവസായിക വളർച്ചയ്ക്ക് ആനുപാതികമായി സാമ്പത്തിക വളർച്ച സംസ്ഥാനം കൈവരിക്കാത്തത് എന്തുകൊണ്ട്; ഈ സ്ഥിതി വ്യാവസായിക വളർച്ചയെന്നത് പൊള്ളയായ അവകാശവാദമാണെന്ന വിമർശനം ക്ഷണിച്ചു വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

2521 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ തുക ഉൾപ്പെടെയുള്ള വിശദാംശവും അവയുടെ തൽസ്ഥിതിയും ലഭ്യമാക്കാമോ?

## വ്യവസായ സൗഹൃദ റാങ്കിംഗ്

2522 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ കേരളത്തെ ഒരു ഹബ്ബാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ പുതിയ ജനറേറ്റീവ് എ. ഐ. നയം വ്യവസായ സംരംഭങ്ങളെ എങ്ങനെയാണ് സഹായിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വ്യവസായ സൗഹൃദ റാങ്കിംഗ് ഉയർത്താൻ ഏകജാലക സംവിധാനത്തിൽ (കെ-സ്വിഫ്റ്റ്) വരുത്തിയ പുതിയ മാറ്റങ്ങൾ ഫലപ്രദമാണോ എന്ന് വിശദമാക്കുമോ?

## വ്യവസായ മേഖലയിൽ സംരംഭകരുടെ പരാതി പരിഹാര സംവിധാനം കൊണ്ടു വരാൻ നടപടി

2523 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ സംരംഭകത്വം സാധ്യമാകുമെന്നതിലേയ്ക്ക് വ്യവസായികളുടെയും പൊതുസമൂഹത്തിന്റേയും കാഴ്ചപ്പാടിനെ മാറ്റിക്കൊണ്ടുവരുവാൻ ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്കായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വ്യവസായ മേഖലയിൽ സംരംഭകരുടെ പരാതി പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കുന്നതുൾപ്പെടെ ശക്തമായ പരാതി പരിഹാര സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വ്യവസായ സൗഹൃദ അന്തരീക്ഷം

2524 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ സ്വീകരിച്ച നടപടികളുടെ ഭാഗമായി സംസ്ഥാനത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞ നേട്ടങ്ങൾ വിശദമാക്കുമോ?

## തൃക്കാക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

2525 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ 2016 -17 മുതൽ 2025 -26 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞതിൽ ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## മഞ്ചേരി മണ്ഡലത്തിലെ വ്യവസായ പദ്ധതികൾ

2526 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മഞ്ചേരി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പു മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ എത്ര പദ്ധതികൾ പൂർത്തിയായി; ഇനി ഏതൊക്കെയാണ് പൂർത്തിയാകാനുള്ളത്; വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) മഞ്ചേരി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികളിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണ്; അവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാകാനുള്ളതെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണെന്നും 2021 മുതൽ 2026 വരെയുള്ള കണക്കുകൾ വർഷം തിരിച്ചും നൽകാമോ?

## വനിതാ സംരംഭകത്വ വികസന നടപടികൾ

2527 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്ക് സ്വയംതൊഴിൽ തുടങ്ങുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവരുടെ സംരംഭകത്വ വികസനത്തിനായി എന്തെല്ലാം സഹായങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

**ലോക സാമ്പത്തിക ഉച്ചകോടിയിലെ കേരളത്തിന്റെ പങ്കാളിത്തം**

2528 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ സംസ്ഥാനം പങ്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര തവണ പങ്കെടുത്തിട്ടുണ്ട്;

(ബി) ഓരോ ഉച്ചകോടിയിലും കേരളത്തെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് പങ്കെടുത്തിട്ടുള്ളതെന്നും ആയതിന് എത്ര രൂപ ചെലവായെന്നും വ്യക്തമാക്കാമോ;

(സി) ഓരോ ഉച്ചകോടിയിലും സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് മൂലം ലഭിച്ച നിക്ഷേപങ്ങളുടെയും തൊഴിലവസരങ്ങളുടെയും കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) ലോക സാമ്പത്തിക ഉച്ചകോടിയിൽ പങ്കെടുത്ത മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ കേരളത്തിന് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**ഇന്ത്യ- യു.എസ്. വ്യാപാര കരാർ**

2529 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നിലവിൽ വന്ന ഇന്ത്യ- യു.എസ്. ഇടക്കാല വ്യാപാര കരാർ സംസ്ഥാനത്തെ വ്യാവസായിക, വ്യാപാര രംഗത്ത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉഭയകക്ഷി കരാർ പ്രകാരം അമേരിക്കയിൽ നിന്നും തീരുവയില്ലാതെ കാർഷിക, വ്യാവസായിക ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുകയും സംസ്ഥാനത്തുനിന്നുള്ള ഉല്പന്നങ്ങൾ ഉയർന്ന തീരുവ ഈടാക്കി കയറ്റുമതി ചെയ്യുന്നതുമായ അനിതരസാധാരണ സാഹചര്യം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കരാർ സംസ്ഥാനത്തെ ഏതെല്ലാം ഉല്പന്നങ്ങളുടെ ഉല്പാദനത്തെയും കയറ്റുമതിയെയും പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

അറിയിക്കാമോ;

(ഡി) പ്രസ്തുത വ്യാപാര കരാറിന്റെ പൂർണ്ണ വിവരങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമാണോ; വിശദാംശം നൽകാമോ?

**<u>വാമനപുരം മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി</u>**

2530 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതേവരെ ആരംഭിച്ച സംരംഭങ്ങളിൽ എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പ് മുഖാന്തിരം എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**<u>ക്വാറി, ക്രഷർ മേഖലയിലെ നിയന്ത്രണങ്ങൾ</u>**

2531 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറി, ക്രഷർ മേഖലയിൽ നിലവിലുള്ള നിയന്ത്രണങ്ങൾ നിർമ്മാണ മേഖലയെയും വിവിധ റോഡ് പണികളെയും തടസ്സപ്പെടുത്തുന്ന സാഹചര്യത്തിൽ ഇതിനെ മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>പാറശ്ശാല നിയോജക മണ്ഡലത്തിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ</u>**

2532 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്നതും പ്രവർത്തനരഹിതമായിട്ടുള്ളതുമായ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മണ്ഡലത്തിലെ പ്രവർത്തനരഹിതമായ കൈത്തറി സംഘങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) കൈത്തറി തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമായി പാറശ്ശാല മണ്ഡലം കേന്ദ്രീകരിച്ച് പ്രത്യേക പാക്കേജുകളോ പദ്ധതികളോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംഘങ്ങൾ നവീകരിക്കുന്നതിനും ആധുനിക തറികൾ സ്ഥാപിക്കുന്നതിനുമായി നിലവിൽ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കയാണെന്ന് അറിയിക്കാമോ?

**<u>മട്ടന്നൂർ മണ്ഡലത്തിലെ കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി</u>**

2533 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ വളർച്ചയ്ക്ക് പുതിയ സാധ്യതകൾ കണ്ടെത്തുക എന്ന ലക്ഷ്യം മുൻനിർത്തി പ്രഖ്യാപിച്ച മട്ടന്നൂർ മണ്ഡലത്തിലെ കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഈ വർഷത്തെ ബജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## കൈത്തറി സഹകരണ സംഘത്തിന്റെ കെട്ടിടങ്ങളുടെ വിശദവിവരം

2534 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കൈത്തറി സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കണ്ടിയൂരിലുള്ള സ്ഥലത്തിന്റേയും കെട്ടിടങ്ങളുടേയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) ടി സ്ഥലം ആയുർവേദ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് വിട്ടുനൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഹാൻവീവിന്റെ പ്രതിസന്ധി

2535 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻവീവിൽ നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാൻ കുടിശ്ശിക ഉള്ളത്; വിശദാംശം നൽകാമോ; വിവിധ കുടിശ്ശികകൾ പൂർണമായും വിതരണം ചെയ്യാൻ നിലവിൽ എത്ര തുക ആവശ്യമായിവരും;

(ബി) ഹാൻവീവിന് വിവിധയിനങ്ങളിലായി നിലവിൽ സർക്കാർ നൽകാനുള്ള കുടിശികയുടെ വിശദാംശം നൽകാമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഹാൻവീവ് നൽകിയ പ്രൊജക്റ്റ് പ്രകാരം തുക അനുവദിച്ച നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഹാൻവീവിന്റെ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

## മുകുന്ദപുരം മൺപാത്ര കുടിൽ വ്യവസായ സഹകരണ സംഘത്തിന്റെ ഓഡിറ്റോറിയം നിർമ്മാണം

2536 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം മൺപാത്ര കുടിൽ വ്യവസായ സഹകരണ സംഘത്തിന്റെ ഓഡിറ്റോറിയം നിർമ്മാണം പൂർത്തിയാക്കുന്നതിനായി സംഘത്തിന്റെ

ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്നും 20 സെന്റ് സ്ഥലം വിൽക്കുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഖാദി ബോർഡ് പ്രസ്തുത അപേക്ഷ പരിഗണിച്ച് അനുമതി നൽകിയ സാഹചര്യത്തിൽ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കയർ മേഖലയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ</u>**

2537 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കയർ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ?

**<u>കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശിക വിതരണവും വിഹിത വർദ്ധനവും</u>**

2538 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെ വിതരണം ചെയ്യാൻ കുടിശികയുള്ള ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കുടിശികകൾ പൂർണ്ണമായും വിതരണം ചെയ്യുന്നതിനായി ബോർഡിന് നിലവിൽ ആവശ്യമായ തുക എത്രയാണെന്നും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ ഇനത്തിൽ ക്ഷേമനിധി ബോർഡിന് അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കയർ തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയിൽ നിന്നും എത്ര രൂപയായാണ് വർദ്ധിപ്പിച്ചതെന്നും വർദ്ധനവ് ഏത് തീയതി മുതലാണ് പ്രാബല്യത്തിൽ വന്നതെന്നും ആയതിന് അനുപാതികമായി തൊഴിലുടമയുടെ വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ വ്യക്തമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിലെ കുന്നത്തറ സി.വി.സി.എസ്. 268 എന്ന സംഘത്തിന്റെ വർക്ക് ഷെഡ് പ്രവൃത്തി</u>**

2539 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ സി.വി.സി.എസ്. 268 എന്ന സംഘത്തിന്റെ വർക്ക് ഷെഡ് പ്രവൃത്തിക്ക് സർക്കാർ ഫണ്ട് അനുവദിച്ചിരുന്നോയെന്നും എത്ര

തുകയാണ് അനുവദിച്ചിരുന്നതെന്നും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## കയർ മേഖലയിലെ തൊഴിലാളികൾക്ക് ശാസ്ത്രീയ പരിശീലനം

2540 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ തൊഴിലാളികൾക്ക് ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുന്നതിനും പൂർണ്ണ യന്ത്രവൽകരണം സാധ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ പാതയുടെ നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലം കയർ വ്യവസായത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കയർഫെഡിലെ എൽ.ഡി. ക്ലാർക്ക് നിയമനങ്ങൾ

2541 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിൽ എൽ. ഡി. ക്ലാർക്ക് നിയമനങ്ങൾ പി.എസ്.സി. മുഖാന്തരമാണോ നടത്തുന്നത്; വ്യക്തമാക്കുമോ; എങ്കിൽ നിയമനങ്ങൾ പി. എസ്. സിക്ക് വിട്ടിട്ടുള്ളത് എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പി. എസ്. സി. വഴി നിയമനത്തിനായി എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ജനറൽ കാറ്റഗറിക്കും സൊസൈറ്റി കാറ്റഗറിക്കും പ്രത്യേകം ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കാറ്റഗറി നമ്പർ 70/2021 (ലോവർ ഡിവിഷൻ ക്ലാർക്ക് പാർട്ട് II, സൊസൈറ്റി കാറ്റഗറി)-ൽ നിയമനങ്ങൾക്കായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇതിൽനിന്ന് എത്രപേർക്ക് നിയമനം ഇതുവരെ നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(ഡി) നിലവിൽ കയർഫെഡിൽ എൽ. ഡി. ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കുമോ;

(ഇ) നിലവിൽ കയർഫെഡിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ആളുകൾ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ ഇത്തരത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ;

(എഫ്) കയർഫെഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ ആളുകൾ ജോലി ചെയ്യുന്നുണ്ടെങ്കിൽ ഈ ഒഴിവുകൾ പി.എസ്.സിക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## വേനൽകാല വൈദ്യുതി ഉപയോഗം

2542 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽക്കാലത്തെ വൈദ്യുതി ഉപയോഗം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) നിലവിലെ പ്രതിദിന ശരാശരി ഉപയോഗം എത്ര ദശലക്ഷം യൂണിറ്റാണ്;

(സി) വേനൽക്കാല ഉപയോഗത്തിനുള്ള വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനാവശ്യമായ വെള്ളം വൈദ്യുത ബോർഡിന്റെ വിവിധ ഡാമുകളിലായി ഉണ്ടോ;

(ഡി) വൈദ്യുതിയുടെ വർദ്ധിച്ചു വരുന്ന ഉപയോഗം നേരിടുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

**<u>ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ</u>**

2543 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ ഇരിക്കൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമർ</u>**

2544 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) കുമ്പള സെക്ഷനിലെ പൂകട്ടെ ട്രാൻസ്ഫോർമർ പരിധിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പൂകട്ടെ, ചിർത്തോടി പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>വൈദ്യുതി രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>**

2545 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ ജി സ്റ്റീഫൻ**

**ശ്രീ. കെ. ജെ. മാക്സി**

**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 മുതൽ 2016 വരെയുള്ള അഞ്ച് വർഷ കാലയളവിൽ ലോഡ് ഷെഡിംഗ് നടപ്പാക്കിയിരുന്നോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വൈദ്യുതി ഭരണരംഗത്തുണ്ടായ കെടുകാര്യസ്ഥതയും ലൈനുകളുടെ അപര്യാപ്തതയും ആസൂത്രണ പിഴവുകളുമാണ് ലോഡ് ഷെഡിംഗിന് കാരണമായതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2016-ന് ശേഷം ഈ സ്ഥിതിയ്ക്ക് മാറ്റം ഉണ്ടായിട്ടുണ്ടോ; ഈ മാറ്റം കൊണ്ടുവരാൻ സ്വീകരിച്ച പ്രധാന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി ലൈനുകളുടെ കവറേജ് വർദ്ധിപ്പിക്കുന്നതിനും അനുബന്ധ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനും ഈ സർക്കാരിന് മുൻഗണനാ പദ്ധതികൾ ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ?

**<u>ഉപഭോക്തൃ പരാതി സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി</u>**

2546 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**

**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃ വൈദ്യുതി വിതരണരംഗം കെട്ടിപ്പടുക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗപ്പെടുത്തി ഉപഭോക്തൃ പരാതി സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആർ.ഡി.എസ്.എസ്. (റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പദ്ധതി പ്രകാരം ഈ രംഗത്ത് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) സെൽഫ് സർവ്വീസ് വെബ് പോർട്ടലിലൂടെ ഉപഭോക്താക്കൾക്ക് എന്തെല്ലാം സേവനങ്ങൾ പ്രയോജനപ്പെടുത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മലപ്പുറം പാക്കേജ്</u>**

2547 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാക്കേജിൽ ഉൾപ്പെട്ട എല്ലാ പദ്ധതികളുടേയും ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം പാക്കേജിൽ ഉൾപ്പെട്ട പ്രവൃത്തികൾ നിയോജകമണ്ഡലവും എസ്റ്റിമേറ്റ് തുകയും തിരിച്ച് വിശദമാക്കാമോ ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ</u>**

2548 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി നിലവിലുള്ള വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ചാർജിങ് സ്റ്റേഷനുകൾ വഴി തുടർച്ചയായി വാഹന ചാർജിങ് നടക്കുന്നുണ്ടോയെന്നും ഈ ചാർജിങ് സ്റ്റേഷനുകൾ വഴി ഇതുവരെയായി സർക്കാരിന് എത്ര തുക ലഭിച്ചിട്ടുണ്ട് എന്നും അറിയിക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ സർക്കാർ/സഹകരണ/സ്വകാര്യ മേഖലകൾ വഴി പുതുതായി വൈദ്യുതി വാഹന ചാർജിങ് സ്റ്റേഷനുകൾ അനുവദിക്കുമോയെന്ന് വിശദമാക്കാമോ?

## <u>വൈദ്യുതി സേവന ചട്ടങ്ങളിൽ ഭേദഗതി</u>

2549 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സേവന ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രധാനപ്പെട്ട ഭേദഗതി നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഭേദഗതി എന്നത്തേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ?

## <u>മധുരവേലി നെല്ല് ഉല്പാദക മേഖലയിലെ വോൾട്ടേജ് ക്ഷാമം</u>

2550 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ആയാംകുടി മധുരവേലി പ്രദേശത്ത് പ്രവർത്തിക്കുന്ന പടിഞ്ഞാറേപ്പുറം പാടശേഖര നെല്ല് ഉല്പാദക സമിതിയുടെ പരിധിയിൽ ദീർഘകാലമായി നിലനിൽക്കുന്ന വൈദ്യുതി വോൾട്ടേജ് കുറവ് പ്രശ്നം സർക്കാരിന്റെയോ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതു സംബന്ധിച്ച് ഇതുവരെ നടത്തിയ പരിശോധനകളും കണ്ടെത്തലുകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മധുരവേലി പ്രദേശത്തെ കൃഷിയിടങ്ങളിൽ കെ.എസ്.ഇ.ബി. കണക്ഷനിലൂടെ പ്രവർത്തിക്കുന്ന മോട്ടോറുകളും എസ്കലൈൻ എൻജിനുകളും ആവശ്യമായ വോൾട്ടേജ് ലഭിക്കാത്തതിനാൽ സ്ഥിരമായി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചിട്ടുള്ള താൽക്കാലികവും ദീർഘകാലവുമായ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മധുരവേലി പാടശേഖര മേഖലയിലെ കുറഞ്ഞ വോൾട്ടേജ് മൂലം കർഷകർ നേരിടുന്ന ഉല്പാദന നഷ്ടവും സാമ്പത്തിക ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് അടിയന്തരമായി സാങ്കേതിക പരിഹാരങ്ങൾ (ലൈൻ അപ്ഗ്രേഡേഷൻ, ട്രാൻസ്ഫോർമർ ശേഷി

വർദ്ധിപ്പിക്കൽ, പ്രത്യേക ഫീഡർ തുടങ്ങിയവ) നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം ലഭ്യമാക്കാമോ;

(ഡി) മധുരവേലി പടിഞ്ഞാറേപ്പുറം പാടശേഖര നെല്ല് ഉല്പാദക സമിതി സമർപ്പിച്ച നിവേദനം പരിശോധിച്ച്, കർഷകർക്ക് തടസ്സമില്ലാത്ത വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനും ഭാവിയിൽ വോൾട്ടേജ് ക്ഷാമം ആവർത്തിക്കാതിരിക്കാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>എല്ലാവർക്കും വൈദ്യുതി</u>

2551 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗും വ്യവസായ മേഖലയിൽ പവർകട്ടും നിലവിലുണ്ടായിരുന്നോയെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും ഭരണകാലത്ത് പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഇല്ലാതെ എല്ലാവർക്കും വൈദ്യുതി എത്തിച്ചുകൊണ്ടുള്ള ഒരു നവകേരളം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം വർധിപ്പിക്കുവാനും പ്രസരണ മേഖലയിൽ മുടങ്ങികിടന്ന പദ്ധതികൾ പൂർത്തീകരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ കർഷകർക്കും ആദിവാസി ഗോത്ര വിഭാഗക്കാർക്കും ഉപകാരപ്പെടുന്ന പദ്ധതികൾ സർക്കാർ ഏറ്റെടുത്ത് വൈദ്യുതി മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കാസർകോട് മണ്ഡലത്തിൽ സ്ഥാപിച്ച ട്രാൻസ്ഫോ ർമറുകൾ</u>

2552 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷം സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ എണ്ണവും ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലത്തിന്റെ പേരും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർകോട് മണ്ഡലത്തിൽ പുതുതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്നും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## <u>തൊടുപുഴ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

2553 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജക മണ്ഡലത്തിൽ 2021 - 25 കാലഘട്ടത്തിൽ വൈദ്യുതി വകുപ്പിനുകീഴിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ഏതൊക്കെ പദ്ധതികൾക്ക് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും തദ്ദേശസ്ഥാപനങ്ങൾ തരംതിരിച്ച് നൽകാമോ?

## ഗാർഹിക-ഗാർഹികേതര വൈദ്യുതി കണക്ഷൻ

2554 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക - ഗാർഹികേതര വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തൊക്കെ രേഖകളാണ് ഉപഭോക്താക്കൾ കെ.എസ്.ഇ.ബി.യിൽ ഹാജരാക്കേണ്ടത് എന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ചുള്ള ഉത്തരവുകളും സർക്കുലറുകളും ലഭ്യമാക്കുമോ;

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള കെ.എസ്. ഇ.ബി. യിൽ 2025 ജൂൺ 1 മുതൽ 2026 ഫെബ്രുവരി 13 വരെ പുതിയ വൈദ്യുതി കണക്ഷന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ കണക്ഷൻ അനുവദിക്കാത്ത അപേക്ഷകൾ ഉണ്ടോയെന്ന് വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സെക്ഷനിൽ നിന്ന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഈ സെക്ഷനിൽ നിന്ന് കാലതാമസമില്ലാതെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ മോണിട്ടറിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

2555 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പ് മുഖാന്തിരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങളും ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

## വൈദ്യുതി മേഖലയിൽ രാജ്യത്തിനാകെ മാതൃകയാകുന്ന പ്രവർത്തനങ്ങൾ

2556 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി മേഖലയിൽ രാജ്യത്തിനാകെ മാതൃകയാകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിക്കൊണ്ട് എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം എന്ന ബഹുമതി കേരളം സ്വായത്തമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി.എൽ. വഴി വൈദ്യുതീകരിക്കാൻ സാധിക്കാത്ത വിദൂര ആദിവാസി നഗറുകളിൽ ബാറ്ററി ബായ്ക്കപ്പോടുകൂടിയ മൈക്രോ ഗ്രിഡ് പദ്ധതി, സോളാർ-വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വൈദ്യുതി വിതരണ രംഗത്ത് മികച്ച ഉപഭോക്തൃ സേവനം ഉറപ്പുവരുത്തുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

2557 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ

2558 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി ബൈപ്പാസ്, വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് തുടങ്ങിയ റോഡ് പദ്ധതികളുടെ ഭാഗമായി കെ.എസ്.ഇ.ബി.യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ ഏതുഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## തരൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

2559 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിൽ 2021 മുതൽ 2025 വരെ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

## വൈദ്യുതി സേവന വിതരണ മേഖലയിലെ ചട്ടങ്ങൾക്ക് ഭേദഗതി

2560 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സേവന-വിതരണ മേഖലയിലെ നിലവിലെ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വൈദ്യുത ഉപഭോക്താക്കൾക്ക് നിർദിഷ്ട സമയത്തിനുള്ളിൽ സേവനം ലഭ്യമാക്കുന്നതിൽ കെ.എസ്.ഇ.ബി. പരാജയപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) വൈദ്യുത ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം വിതരണ ലൈസൻസികളിൽ നിന്ന് ലഭ്യമാക്കുന്നത് ഉറപ്പാക്കുന്ന രീതിയിൽ ചട്ടം സമഗ്രമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ ഏരിയൽ ബഞ്ച് കേബിൾ സംവിധാനം

2561 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എവിടെയെല്ലാമാണ് കെ.എസ്.ഇ.ബി. യുടെ ഏരിയൽ ബഞ്ച് കേബിൾ സംവിധാനം സ്ഥാപിച്ചിട്ടുള്ളതെന്നും ഇതിനായി സ്വീകരിച്ച നടപടികളും വിനിയോഗിച്ച തുകയും വിശദമാക്കുമോ?

## ഇലക്ട്രിസിറ്റി വർക്കർ നിയമനത്തിനുള്ള യോഗ്യതയിൽ ഭേദഗതി

2562 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി വർക്കർ നിയമനത്തിനുള്ള യോഗ്യതയിൽ കെ.എസ്.ഇ.ബി. ഭേദഗതി വരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള യോഗ്യതകൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശം എന്തായിരുന്നു; ആയതിൽ ഏതൊക്കെ ഭേദഗതികൾ ആണ് കെ.എസ്.ഇ.ബി. അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; മറ്റുള്ളവ അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## ജല അതോറിറ്റിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക

2563 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക സർക്കാർ ഏറ്റെടുത്തതായി പ്രഖ്യാപിച്ചിട്ടും, പ്രസ്തുത തുകയ്ക്കും അധിക പലിശ കണക്കാക്കി പുതിയ ബില്ലുകളിൽ ഉൾപ്പെടുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; വൈദ്യുതി ബില്ല് യഥാസമയം അടച്ചിട്ടും പിഴപ്പലിശ ഈടാക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ വാട്ടർ അതോറിറ്റിയുടെ എത്ര തുകയുടെ വൈദ്യുതി ചാർജ് കുടിശ്ശികയാണ് സർക്കാർ ഏറ്റെടുത്തതെന്നും, പ്രസ്തുത തുക ഏത് രീതിയിലാണ് കെ.എസ്.ഇ.ബി.ക്ക് കൈമാറിയതെന്നും വ്യക്തമാക്കാമോ;

(സി) വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ വാട്ടർ അതോറിറ്റി നിലവിൽ പ്രതിമാസം എത്ര തുക വീതമാണ് കെ.എസ്.ഇ.ബി.ക്ക് കൈമാറുന്നത്; നിലവിലെ സർക്കാരിന്റെ കാലയളവിൽ ഇപ്രകാരം കൈമാറിയ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കിയ പദ്ധതികൾ

2564 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) മലപ്പുറം പാക്കേജിന്റെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; അവയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## വൈദ്യുത ബോർഡിലെ കരാർ ജോലിയിലെ അഴിമതി

2565 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ബിനാമി കരാറുകാരെവെച്ച് വിവിധ കരാർ ജോലികൾ ഏറ്റെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) കരാർ ജോലികളുടെ ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായി ജോലി വിഭജിച്ച് ക്വട്ടേഷൻ ക്ഷണിച്ചു നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) കരാറുകാരിൽ നിന്നും കമ്മീഷൻ ഇനത്തിൽ കൈക്കൂലി വാങ്ങുന്നതുൾപ്പെടെ നടക്കുന്ന അഴിമതികൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കൽ കേന്ദ്രമായുള്ള സബ് സ്റ്റേഷൻ

2566 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കൽ കേന്ദ്രമായി 110 കെ. വി. സബ്സ്റ്റേഷൻ പണിയുവാൻ അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി അവസാനിക്കുന്നത് എപ്പോഴാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥലമേറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## പ്രാദേശിക ഊർജ്ജ വികസന പദ്ധതി

2567 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക ഊർജ്ജ വികസന പദ്ധതി പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽ (എൽ.എ.പി.ഡി.എസ്) നിന്നും പദ്ധതികൾക്കായി തുക നീക്കിവയ്ക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ബി. ഒ. (എഫ്. ടി. ഒ) നമ്പർ. 2027/2014(ഡി(ഡി&ജി. ഇ))/ പി2/എൽ.എ.പി.ഡി.എസ്/2014-151) എന്ന കെ.എസ്.ഇ.ബി.-യുടെ ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

2568 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ജില്ലകൾ തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ പുതുതായി അനുവദിച്ചതും, സ്ഥാപിച്ചതും, കപ്പാസിറ്റി വർധിപ്പിച്ചതുമായ ട്രാൻസ്ഫോർമറുകളുടെ വിശദവിവരങ്ങൾ സെക്ഷനുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളുടെ പേരുകൾ, പ്രവൃത്തിയുടെ സ്വഭാവം, പ്രവൃത്തിയുടെ നിർവഹണ തൽസ്ഥിതി എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ?

## സ്മാർട്ട് മീറ്റർ പദ്ധതി

2569 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ പദ്ധതി നിലവിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി. നാളിതുവരെ എത്ര സ്മാർട്ട് മീറ്ററുകൾ വാങ്ങിയിട്ടുണ്ടെന്നും ഇതിനായി ചെലവഴിച്ചിട്ടുള്ള ആകെ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) എത്ര ഘട്ടങ്ങളിലായാണ് ഇത്രയും സ്മാർട്ട് മീറ്ററുകൾ വാങ്ങിയത്; ഓരോ ഘട്ടത്തിലും വാങ്ങിയ സ്മാർട്ട് മീറ്ററുകളുടെ എണ്ണം, ചെലവാക്കിയ തുക, വാങ്ങിയ തീയതി എന്നിവ അറിയിക്കാമോ;

(സി) സ്മാർട്ട് മീറ്ററുകൾ വാങ്ങി നാളുകൾ ഏറെയായിട്ടും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇതിന് കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) സ്മാർട്ട് മീറ്ററിലേക്ക് മാറുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.ക്ക് ആദ്യമായി നിർദ്ദേശം ലഭിച്ചത് എന്നാണ്; നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ വിജിലൻസ് പരിശോധന

2570 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. യുടെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്ന് വിശദീകരണം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ ക്രമക്കേടുകൾ സംബന്ധിച്ച് നാളിതുവരെ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വൈദ്യുത വാഹന ചാർജ്ജിംഗ് കേന്ദ്രങ്ങൾ

2571 **ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എ. രാജ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതവാഹന ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളുടെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) വൈദ്യുതി വാഹന ചാർജ്ജിംഗ് സെന്ററുകളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സബ്സിഡി മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചാർജ്ജിംഗ് കേന്ദ്രങ്ങൾക്ക് വൻതോതിൽ മുതൽമുടക്കുവരുന്നത് പരിഗണിച്ച് കൂടുതൽ സ്വകാര്യ നിക്ഷേപകരെക്കൂടി ഉൾപ്പെടുത്തി സമഗ്രമായ ചാർജ്ജിംഗ് കവറേജ് ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട കേന്ദ്ര പദ്ധതിയായ പി.എം. ഇ-ഡ്രൈവിൽ നിന്നും സംസ്ഥാനം പിൻമാറിയതായി ചില മാധ്യമങ്ങൾ നടത്തുന്ന പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിലെ വസ്തുതയെന്ത്; വിശദീകരിക്കുമോ?

## വ്യാവസായിക വൈദ്യുതി കണക്ഷനുകൾ

2572 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ആകെ വ്യാവസായിക (എൽ. ടി./എച്ച്. ടി./ഇ.എച്ച്. ടി.) വൈദ്യുതി കണക്ഷനുകളുടെ എണ്ണം എത്രയാണ്; ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പുതിയതായി സംസ്ഥാനത്ത് അനുവദിച്ച വ്യാവസായിക (എൽ. ടി./എച്ച്. ടി./ഇ. എച്ച്. ടി.) വൈദ്യുതി കണക്ഷനുകളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും സംസ്ഥാനത്ത് പൂർണ്ണമായും വിച്ഛേദിച്ച വ്യാവസായിക (എൽ. ടി./എച്ച്. ടി./ഇ.എച്ച്. ടി.) വൈദ്യുതി

കണക്ഷനുകളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വ്യാവസായിക നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് നൽകുന്ന വൈദ്യുതി സംബന്ധമായ ആനുകൂല്യങ്ങളും ഇളവുകളും എന്തെല്ലാം; ഈ ആനുകൂല്യങ്ങളും ഇളവുകളും യഥാസമയം നൽകി വരുന്നുണ്ടോ; കഴിഞ്ഞ അഞ്ചുവർഷം ഈ ആനുകൂല്യങ്ങൾക്കും ഇളവുകൾക്കുമായി ആകെ എത്ര തുക ചെലവഴിച്ചു; ഏതെങ്കിലും തരത്തിലുള്ള അനുകൂല്യങ്ങളും ഇളവുകളും കുടിശ്ശിക ഉണ്ടോ; വ്യക്തമാക്കുമോ?

**<u>വർക്കല മണ്ഡലത്തിൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ അനുമതി</u>**

2573 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന ഏതെല്ലാം പ്രദേശങ്ങളിലാണ് വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>വൈദ്യുതി വാങ്ങൽ ചെലവ്</u>**

2574 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഡിസംബറിൽ സംസ്ഥാനത്തിനു പുറത്തു നിന്ന് വൈദ്യുതി വാങ്ങിയതിൽ വകുപ്പിന് വന്ന ചെലവെത്രയെന്ന് അറിയിക്കുമോ; ഇതിനായി പ്രതീക്ഷിച്ചിരുന്ന തുകയെത്രയെന്നും ചെലവായപ്പോൾ എത്ര കുറവുണ്ടായെന്നും അറിയിക്കുമോ; കുറവ് വന്നതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ മഴക്കാലത്ത് സംസ്ഥാനത്തിനു പുറത്തേക്ക് വൈദ്യുതി നൽകിയതിനു പകരമായി ഇനി സംസ്ഥാനത്തിന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് സൗജന്യമായി വൈദ്യുതി ലഭിക്കാനുണ്ടോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ വിശദമായി അറിയിക്കാമോ;

(സി) നടപ്പു വർഷത്തെ വൈദ്യുതി വിതരണത്തിനായി വിവിധ കമ്പനികളുമായി ഏർപ്പെട്ട ഹ്രസ്വകാല കരാറുകളുടെ വിശദാംശം നൽകാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ പുതിയതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ</u>**

2575 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എവിടെയൊക്കെയാണ് അവ സ്ഥാപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

**<u>പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് പാരിസ്ഥിതിക ഇളവുകൾ</u>**

2576 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഭരിച്ച ജലം വിനിയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് കേന്ദ്രസർക്കാർ പാരിസ്ഥിതിക ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്കായി വനഭൂമി മാറ്റിവെക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവർത്തികൾ</u>**

2577 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>പമ്പ്ഡ് സ്റ്റോറേജ് പവർ പ്രോജക്റ്റുകൾ</u>**

2578 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നേരിടാൻ 'പമ്പ്ഡ് സ്റ്റോറേജ് പവർ പ്രോജക്റ്റുകൾ' ആരംഭിക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സൗരോർജ്ജ ഉൽപ്പാദനത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിവരുന്ന സബ്സിഡി കുടിശ്ശിക തീർപ്പാക്കാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

**<u>പാലക്കാട് ജില്ലയിലെ വൈദ്യുതി മേഖലയിൽ അനുവദിച്ച പദ്ധതികൾ</u>**

2579 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2016 മുതൽ 2026 വരെയുള്ള കാലയളവിൽ വൈദ്യുതി മേഖലയിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും വിനിയോഗിച്ച തുക, പദ്ധതിയുടെ പേര് , സ്ഥലം എന്നിവ സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത ജില്ലയിലെ വൈദ്യുതി മേഖലയിൽ പുതിയതായി അനുവദിക്കുന്ന പദ്ധതികൾ, അവയ്ക്ക് വിനിയോഗിക്കുന്ന തുക എന്നിവ വിശദമാക്കാമോ?

**<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ</u>**

2580 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2021- 26 കാലയളവിൽ വൈദ്യുതി വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട വൈദ്യുത പദ്ധതികൾ

2581 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നയപ്രകാരമുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(ഡി) പദ്ധതി നടപ്പാക്കാനുള്ള പങ്കാളികളെ തെരഞ്ഞെടുക്കുന്ന രീതി വിശദീകരിക്കാമോ;

(ഇ) ഉത്പാദിക്കപ്പെടുന്ന വൈദ്യുതിയുടെ ഉപഭോഗം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ

2582 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വൈദ്യുതി വകുപ്പ് വഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## ചാത്തങ്കോട്ടുനട ജലവൈദ്യുത പദ്ധതി

2583 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചാത്തങ്കോട്ടുനട ജലവൈദ്യുത പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിയുടെ വിശദമായ വിവരം ലഭ്യമാക്കാമോ?

## മാർമല ജലവൈദ്യുത പദ്ധതി

2584 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ മാർമല ജലവൈദ്യുത പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നിലവിൽ തടസ്സങ്ങളുണ്ടോ;

എങ്കിൽ വിശദമാക്കുമോ?

**<u>കടുത്തുരുത്തി മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ</u>**

2585 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ നാളിതു വരെ കടുത്തുരുത്തി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

**<u>പിണ്ണാക്കനാട് സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുക്കൽ</u>**

2586 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിലാക്കി സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>മഞ്ചേരി മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ</u>**

2587 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2026 വർഷങ്ങളിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രസരണ വിതരണ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മഞ്ചേരി നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രസ്തുത കാലയളവിൽ പുതുതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മഞ്ചേരി നിയോജകമണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ പുതുതായി എത്ര വീടുകൾ വൈദ്യുതീകരിച്ചു; വിശദമായ കണക്കുകൾ വർഷം തിരിച്ചു ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രസ്തുത കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കി; മലപ്പുറം ജില്ലയിലെ ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ ഏതൊക്കെ വർഷങ്ങളിലാണ് ഈ പദ്ധതി പൂർത്തിയായത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) മഞ്ചേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് 2026 - 27 വർഷത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ നടപടി</u>**

2588 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; സ്ഥാപിച്ച സ്മാർട്ട് മീറ്ററുകൾ സോഫ്റ്റ് വെയറുമായി സംയോജിപ്പിച്ചിട്ടുണ്ടോ;

(ബി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിൽ 15% ചെലവ് കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ടോ;

(സി) സ്മാർട്ട് മീറ്ററിലേക്ക് മാറുമ്പോൾ വൈദ്യുതി ചോർച്ചയും മോഷണവും പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമോ; വിശദമാക്കുമോ;

(ഡി) മീറ്റർ റീഡർ തസ്തികയിൽ ജോലി നോക്കുന്നവരെ സംരക്ഷിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>മണലൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ</u>

2589 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി വകുപ്പിനു കീഴിൽ മണലൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുകയടക്കമുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

## <u>11 കെ.വി. എച്ച്.ടി. ലൈൻ മാറ്റി സ്ഥാപിക്കാൻ നടപടി</u>

2590 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ വെന്നിയൂർ വൈദ്യുതി സെക്ഷന് കീഴിൽ വരുന്ന കക്കാട്, കരിമ്പിൽ, വെന്നിയൂർ ഭാഗം, പരപ്പനങ്ങാടി സെക്ഷന് കീഴിൽ വരുന്ന തീരദേശ ഭാഗം എന്നീ പ്രദേശങ്ങളിലെ സ്വകാര്യ ഭൂമിയിലൂടെ കടന്നുപോകുന്ന 11 കെ.വി. എച്ച്.ടി. ലൈൻ റോഡിലേക്ക് മാറ്റി സ്ഥാപിക്കണം എന്ന ആവശ്യം സർക്കാരിന്റെ മുന്നിൽ വന്നിട്ടുണ്ടോ. ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ. വിശദമാക്കാമോ;

(ബി) വൈദ്യുതി വകുപ്പിന്റെ വാർഷിക പദ്ധതികളിൽ ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) അൻപത് വർഷത്തിലധികം പഴക്കമുള്ളവയായതിനാലും ഈ 11 കെ. വി. ലൈനുകളുടെ തൊട്ടടുത്ത് വീടുകളും മറ്റു കെട്ടിടങ്ങളും വന്നതിനാലുമുള്ള വലിയ അപകടസാധ്യതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അപകട സാധ്യത മുന്നിൽകണ്ട് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ വൈദ്യുതി വകുപ്പിൽ ഉണ്ടോ; വാർഷിക പദ്ധതികളിൽ ഇത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ;

(ഇ) ഈ രണ്ട് പ്രദേശങ്ങളിലെയും വൈദ്യുത ലൈനുകൾ റോഡിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ വൈദ്യുതി വകുപ്പിന്റെ ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രവൃത്തിയുടെ നിലവിലെ സാഹചര്യം വിശദമാക്കാമോ?

## പ്രതിദിന വൈദ്യുതി ഉൽപ്പാദന ശേഷി

2591 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസത്തിൽ സംസ്ഥാനത്ത് എല്ലാ പദ്ധതികളിൽ നിന്നുമായി എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉൽപ്പാദിപ്പിക്കാനുള്ള ശേഷിയാണ് ഉണ്ടായിരുന്നത്; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ പ്രതിദിനം ഓരോ പദ്ധതിയിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശേഷിയുണ്ടെന്ന് പദ്ധതി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച വൈദ്യുത ഉൽപാദന യൂണിറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബില്ല്

2592 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബില്ല് തയ്യാറാക്കുന്നതിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സർചാർജ്ജായി ഓരോ ഉപഭോക്താവിൽ നിന്നും എത്ര രൂപ വീതമാണ് ഈടാക്കി വരുന്നത്; ഇതിന് സ്ലാബ് നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## വർക്കല മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

2593 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതികരണത്തിന്റെ ഭാഗമായി വർക്കല നിയോജക മണ്ഡലത്തിൽ എത്ര വീടുകൾക്ക് വൈദ്യുതി എത്തിക്കാനായെന്നും ഇതിനായി എത്ര രൂപയാണ് ചെലവായതെന്നും വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയെന്നും ആയതിലേക്ക് ചെലവഴിച്ച തുക, ലക്ഷ്യങ്ങൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവ വിശദമാക്കാമോ?

## 'പ്രധാനമന്ത്രി - സൂര്യഘർ: മുഫ്ത് ബിജിലി യോജന'

2594 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ ഉൽപ്പാദന മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഗാർഹിക ഉപഭോക്താക്കൾക്കുള്ള 'പ്രധാനമന്ത്രി - സൂര്യഘർ: മുഫ്ത് ബിജിലി യോജന' - യിലൂടെ നടപ്പ് സാമ്പത്തിക വർഷം ഇതുവരെ എത്ര മെഗാവാട്ട് സ്ഥാപിതശേഷി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) വിദൂര ആദിവാസി ഉന്നതികളിൽ സോളാർ പ്ലാന്റുകൾ/സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

## കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം

2595 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ കോതക്കുറിച്ചി സബ് സ്റ്റേഷൻ

2596 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ കോതക്കുറിച്ചി 110 കെ.വി. സബ് സ്റ്റേഷന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയായാൽ ഏതെല്ലാം പഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വിശദമാക്കാമോ;

(സി) ഭാവിയിലെ ലോഡ് വർദ്ധനവ് കണക്കിലെടുത്ത് സബ്സ്റ്റേഷൻ ശേഷി (കപ്പാസിറ്റി) വർദ്ധിപ്പിക്കാൻ സാധ്യത ഉണ്ടോ; വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ

2597 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് അടിക്കടിയുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വെന്നിയൂർ സബ് സ്റ്റേഷൻ

2598 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ വെന്നിയൂർ സബ്സ്റ്റേഷൻ പൂർണ്ണമായി പ്രവർത്തനസജ്ജമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത സബ്സ്റ്റേഷന്റെ കപ്പാസിറ്റി എത്രയാണെന്നും, കപ്പാസിറ്റി വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ആകെ തുക എത്രയാണെന്ന് ഭരണാനുമതിയുടെ പകർപ്പ് സഹിതം വിശദമാക്കാമോ.;

(ഡി) വെന്നിയൂർ, പരപ്പനങ്ങാടി, എടരിക്കോട്, കൂരിയാട് എന്നീ സബ് സ്റ്റേഷനുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നടപടികൾ ഏതുവരെയായിയെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## <u>ചങ്ങനാശ്ശേരിയിൽ പുതിയ സബ് സ്റ്റേഷൻ</u>

2599 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കുറിച്ചി പഞ്ചായത്തിലെ ഹോമിയോ കോളേജിന് സമീപമുള്ള സർക്കാർ പുറമ്പോക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് കെ.എസ്.ഇ.ബി.യുടെ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്റ്റാന്റിംഗ് കൗൺസിൽ നിയമനം</u>

2600 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ സ്റ്റാന്റിംഗ് കൗൺസിലിലേക്ക് കഴിഞ്ഞ 3 മാസത്തിനുള്ളിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത നിയമനങ്ങൾക്കായി ഔദ്യോഗികമായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോയെന്നും നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചാണോ ഈ നിയമന പ്രക്രിയ പൂർത്തിയാക്കിയതെന്നും അറിയിക്കാമോ; എങ്കിൽ പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയമനങ്ങൾക്ക് ശേഷം സ്റ്റാന്റിംഗ് കൗൺസിലിലെ അംഗങ്ങളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## <u>കേരള ഹൈഡൽ ടൂറിസം സെന്റർ</u>

2601 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈഡൽ ടൂറിസം സെന്റർ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നടത്തിയ ഏതെങ്കിലും ടെൻഡറുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. വിജിലൻസ് വിഭാഗം പരിശോധന നടത്തിയിരുന്നോ; എങ്കിൽ പരിശോധനയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം;

(ബി) കേരള ഹൈഡൽ ടൂറിസം സെന്റർ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നിയമിച്ച ടെക്നോളജി പാർട്ട്നർ, ടെക്നിക്കൽ കൺസൽട്ടൻസികൾ എന്നിവരുടെ വിശദാംശം ലഭ്യമാക്കാമോ; ഇവർക്ക് ഇതുവരെ അനുവദിച്ച തുക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; ഇവരെ നിയോഗിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏണസ്റ്റ് & യംഗ് (ഇ.വൈ.) എന്ന ഏജൻസി മുഖേന ഹൈഡൽ ടൂറിസം സെന്റർ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇതുവരെ ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു; ഈ ഏജൻസിയെ നിയമിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന് ഗവേണിംഗ് ബോഡിയുടെ അംഗീകാരം നല്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കേരള ഹൈഡൽ ടൂറിസം സെന്റർ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>ഇലക്ട്രിക് വാഹന ബാറ്ററി ചാർജിംഗ് സ്റ്റേഷനുകൾ</u>

2602 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ബാറ്ററി ചാർജ് ചെയ്യുന്നതിനായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## <u>കോതമംഗലം നഗരത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ നടപടി</u>

2603 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി. പ്രവൃത്തികൾ</u>

2604 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും

മാറ്റി സ്ഥാപിക്കുന്നതിനായി നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുക കൈപ്പറ്റിയിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും റോഡ് തിരിച്ച് വിശദമാക്കാമോ;

(സി) യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടക്കാത്തതുമൂലം ബി.എം. & ബി.സി. (BM &BC) നിലവാരത്തിലുള്ള റോഡ് പണികൾ തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ വേഗത്തിൽ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ഡി) റോഡ് നവീകരണ വേളയിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ പൊതുമരാമത്ത് -വൈദ്യുതി വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് പ്രത്യേക ടൈംലൈൻ നിശ്ചയിച്ച് പ്രവർത്തനം നടത്താൻ തയ്യാറാകുമോ?

## സംസ്ഥാനത്തെ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ

2605 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ ഉണ്ടെന്നും ഇവയിൽ ആകെ എത്ര ചാർജ്ജിംഗ് മെഷീനുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇവയിൽ സ്വകാര്യ ചാർജ്ജിംഗ് സ്റ്റേഷനുകൾ എത്രയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) കെ. എസ്. ഇ. ബി. സ്ഥാപിച്ചിട്ടുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകളിലും 5000, 10000, 15000 യൂണിറ്റിന് മുകളിൽ ഉപഭോഗം ഉള്ള എത്ര മെഷീനുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) കഴക്കൂട്ടം മണ്ഡലത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ സൗജന്യ വൈദ്യുതി കണക്ഷൻ

2606 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ വിഭാഗങ്ങൾക്കായി അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച സൗജന്യ വൈദ്യുതി കണക്ഷനുകളുടെ എണ്ണം തരംതിരിച്ച് അറിയിക്കുമോ?

## കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ

2607 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിശദവിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**കക്കയം പെൻസ്റ്റോക്ക് സ്ഥാപിക്കാൻ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം**

2608 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം പവർ സ്റ്റേഷനിലേക്കുള്ള പെൻസ്റ്റോക്ക് പൈപ്പ് ലൈൻ സ്ഥാപിക്കാൻ വേണ്ടി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകാൻ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപരിഹാരം നൽകാനുള്ള കുടുംബങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട്**

2609 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഓഫീസുകളിൽ 'ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട്' എന്ന പേരിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**സോളാർ വേലി നിർമ്മാണത്തിലെ അഴിമതി**

2610 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ വേലി നിർമ്മിച്ചതിലെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് കുറ്റക്കാരനായി കണ്ടെത്തുകയും കർശന വകുപ്പുതല നടപടിയ്ക്ക് ശിപാർശയും ചെയ്ത ഉദ്യോഗസ്ഥനെ വിജിലൻസ് വകുപ്പിന്റെ അനുമതി ഇല്ലാതെ അനെർട്ട് കുറ്റവിമുക്തനാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കുവാൻ അനെർട്ടിന് അധികാരമുണ്ടോ; ഇല്ലെങ്കിൽ അനെർട്ട് സ്വീകരിച്ച നടപടി പുന:പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുമോ;

(സി) ഈ ഉദ്യോഗസ്ഥനെതിരെ തുടർ നടപടി സ്വീകരിക്കുന്നതിന് 30.09.2019 ന് രൂപീകരിച്ച കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ വിഷയത്തിൽ വിജിലൻസ് വകുപ്പ് നൽകിയ ശിപാർശകൾ എന്തെല്ലാമായിരുന്നു; ഇത് സംബന്ധിച്ച് തുടർനടപടി സ്വീകരിച്ച അനെർട്ടിലെ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**സംസ്ഥാനത്തിനെ കാർബൺ ന്യൂട്രൽ ആക്കാൻ എനർജി മാനേജ്മെന്റ് പ്രവർത്തനങ്ങൾ**

2611 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം നൗഷാദ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനെ കാർബൺ ന്യൂട്രൽ ആക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന എനർജി മാനേജ്മെന്റ് പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) അപ്രകാരം അനെർട്ട് നടപ്പാക്കിവരുന്ന പദ്ധതികൾ പ്രാവർത്തിക തലത്തിലെത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ള മറ്റ് നൂതന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>സംസ്ഥാനത്ത് പമ്പ്ഡ് സ്റ്റോറേജ് സംവിധാനം</u>**

2612 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പമ്പ്ഡ് സ്റ്റോറേജ് സംവിധാനം വകുപ്പ് ആദ്യമായി ഉപയോഗപ്പെടുത്തിയത് എന്നാണ്; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പമ്പ്ഡ് സ്റ്റോറേജ് സംവിധാനം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നുമുതലാണ് ആരംഭിച്ചതെന്നും ഇതിനാധാരമായ റിപ്പോർട്ടുകളോ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും നൽകാമോ;

(സി) പ്രസ്തുത സംവിധാനം തയ്യാറാക്കുന്നതിന് വകുപ്പിന് ആകെ എത്ര തുക ചെലവ് വന്നിട്ടുണ്ടെന്നും ഈ സർക്കാരിന്റെ കാലത്ത് പമ്പ്ഡ് സ്റ്റോറേജ് സംവിധാനം വഴി എത്ര വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ വാർഷികാടിസ്ഥാനത്തിൽ നൽകാമോ?

**<u>പുനരുപയോഗശേഷിയുള്ള ഊർജസ്രോതസ്സുകളുടെ സംരക്ഷണം</u>**

2613 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗശേഷിയുള്ള ഊർജസ്രോതസ്സുകളെ സംബന്ധിച്ച വിവരശേഖരണത്തിനും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുമുള്ള സംസ്ഥാനതല ചുമതല വഹിക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികൾ ഇതുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങളിൽ നിന്നുള്ള പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**<u>കൈപ്പമംഗലം മണ്ഡലത്തിൽ അനെർട്ടിന്റെ പ്രവൃത്തികൾ</u>**

2614 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്; വിശദമായ റിപ്പോർട്ട് നൽകാമോ;

(ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം അനെർട്ടിന്റെ കീഴിൽ നടത്തിയിട്ടുള്ള വികസനപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## പി.എം. കുസും പദ്ധതി

2615 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യങ്ങൾക്കായുള്ള ജലസേചന പമ്പുകൾ സൗരോർജത്തിലേക്കു മാറ്റാനുള്ള കേന്ദ്ര പദ്ധതിയായ പി.എം.കുസും പദ്ധതിക്ക് നടത്തിപ്പ് ഏജൻസിയായ അനെർട്ട് ടെണ്ടർ ക്ഷണിച്ചിരുന്നോ;

(ബി) അനർട്ട് സി.ഇ.ഒ.യ്ക്ക് എത്ര തുകയ്ക്കുള്ള ടെണ്ടർ ക്ഷണിക്കുന്നതിനാണ് അനുമതി ഉള്ളത്;

(സി) പി.എം.കുസും പദ്ധതിക്ക് 240 കോടി രൂപയുടെ ടെണ്ടർ ക്ഷണിക്കാൻ അധികാരമുണ്ടോ;

(ഡി) ടെണ്ടർ പോർട്ടലിൽ ലഭിച്ച തുകയിൽ മാറ്റം വരുത്തിയിരുന്നോ;

(ഇ) പി.എം. കുസും പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളെ കുറിച്ച് അന്വേഷിച്ച് മേൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

## മാവേലിക്കര മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം

2616 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ ഉടമസ്ഥതയിൽ എവിടെയെല്ലാം എത്ര സെന്റ് സ്ഥലം ഉണ്ടെന്നും അവയിൽ ഉപയോഗിക്കുന്നതും ഉപയോഗ ശൂന്യമായി കിടക്കുന്നതുമായ സ്ഥലത്തിന്റെ വിശദവിവരവും ലഭ്യമാക്കാമോ?

## സഹകരണ മേഖലയിൽ വൈവിധ്യവത്കരണം കാര്യക്ഷമമാക്കുന്നതിന് നടപടി

2617 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സുശക്തമായ സഹകരണമേഖലയെ പരിമിതപ്പെടുത്തുന്നതും ദുർബലപ്പെടുത്തുന്നതുമായ കേന്ദ്രത്തിന്റെ പുതിയ നിയമ പരിഷ്കാരങ്ങളും നിയന്ത്രണങ്ങളും ജനാധിപത്യ രീതിയിൽ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയകാല സാങ്കേതിക മുന്നേറ്റങ്ങൾ ഉൾക്കൊണ്ട് സഹകരണ മേഖലയിൽ വൈവിധ്യവത്കരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ സംഘങ്ങളെ നൂതന മാറ്റങ്ങൾക്ക് സജ്ജമാക്കുന്നതിനായി ഈ സ്ഥാപനങ്ങളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ വൈവിധ്യവത്കരിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ സഹകരണവകുപ്പിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

2618 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്ക് വായ്പയിൽ വീഴ്ച വരുത്തിയതിൽ ഒറ്റത്തവണ തീർപ്പാക്കലിൽ ഉൾപ്പെടുത്തി കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷം എത്രപേർക്ക് ആശ്വാസം നൽകാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## വിലങ്ങാട് ഉരുൾപൊട്ടൽ ദുരിത ബാധിതരുടെ കടങ്ങൾ ഇളവ് അനുവദിക്കുന്നതിന് നടപടി

2619 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലങ്ങാട് ഉരുൾപൊട്ടലിൽ ദുരിത ബാധിതരായവരുടെ പേരിലുള്ള സഹകരണ സംഘങ്ങളിലെ കടങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച് നാദാപുരം എം. എൽ. എ. നൽകിയ കത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

## കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ്

2620 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡിൽ നിന്നും അംഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) 1986 മുതൽ 2016 വരെയുള്ള മുപ്പത് വർഷ കാലയളവിലും 2016-2021 കാലയളവിലും നിലവിലുള്ള ഭരണസമിതി ചുമതല ഏറ്റെടുത്ത 2021 മുതൽ 31.12.2025 വരെയുള്ള

കാലയളവിലും ബോർഡിൽ നിന്നും അംഗങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങളുടെ വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലവിലുള്ള ഭരണ സമിതി ചുമതല ഏറ്റെടുത്തപ്പോൾ ഉണ്ടായിരുന്ന ബോർഡിന്റെ ആസ്തിയും (2021) 31.12.2025-ലെ ആസ്തിയും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

**<u>സഹകരണ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി</u>**

2621 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിലവിൽ ഏതെല്ലാം ആശുപത്രികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) 2024-25-ലെ ആഡിറ്റ് റിപ്പോർട്ട് അനുസരിച്ച് ലാഭത്തിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ ഏതൊക്കെയാണ്; ലാഭത്തിൽ പ്രവർത്തിച്ച ആശുപത്രികൾക്ക് നൽകിയ ഡിവിഡന്റ് എത്രയാണ്; വ്യക്തമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ ലാഭകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഹോസ്പിറ്റൽ ഫെഡറേഷൻ സഹകരണ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

**<u>സഹകരണമേഖലയിൽ അടിസ്ഥാന വികസന പദ്ധതികൾക്ക് രൂപം നൽകാൻ നടപടി</u>**

2622 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണത്തിൽ സഹകരണമേഖല കൂടുതൽ ജനകീയമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലടക്കം സഹകരണമേഖലയ്ക്ക് ശക്തമായ ഇടപെടൽ നടത്താനായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ സംഘങ്ങളുടെയും സഹകാരികളുടെയും സാധാരണക്കാരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹകരണ രംഗത്ത് അടിസ്ഥാന വികസന പദ്ധതികൾക്ക് രൂപം നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) സഹകരണ മേഖലയിലെ എൻ.പി.എ. (നോൺ പെർഫോമിംഗ് അസ്സെറ്റ്സ്) കുറച്ചുകൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സഹകരണ വകുപ്പിലെ ഭിന്നശേഷി ജീവനക്കാരുടെ പ്രൊമോഷൻ</u>**

2623 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം അനുവദിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്;

(ബി) ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം അനുവദിച്ചുകൊണ്ട് കെ.എസ്.&എസ്.എസ്.ആർ. ചട്ടം ഭേദഗതി വരുത്തി സർക്കാർ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിലെ ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷന് അർഹത ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സംവരണം അനുവദിക്കുന്നതിനായി സഹകരണ വകുപ്പിന്റെ റൂളിൽ ഭേദഗതി വരുത്തുന്നതിനായി സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സഹകരണ വകുപ്പിൽ ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം അനുവദിക്കുന്നതിനായി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനെതിരെ കോടതി നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

## സഹകരണ വകുപ്പ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

2624 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദമായ വിവരങ്ങൾ, അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## ഏക കിടപ്പാട ബിൽ

2625 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969-ലെ കേരള സഹകണ നിയമം/ചട്ടം അനുസരിച്ച് സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കുടിശികയായിട്ടുള്ളതും ജപ്തി നടപടികൾ നേരിട്ടു വരുന്നതുമായ ഏക കിടപ്പാടമുള്ള നിർദ്ധന കുടുംബങ്ങൾക്ക് ഏക കിടപ്പാട ബിൽ നിയമമാകുന്നതോടെ പരിരക്ഷ ലഭിക്കുമോ;

(ബി) എങ്കിൽ നിലവിൽ ജപ്തി നടപടി നേരിടുന്ന നിർദ്ധന കുടുംബങ്ങൾക്ക് ഏകകിടപ്പാടനിയമത്തിന്റെ പരിരക്ഷ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ മെമ്പർ റിലീഫ് ഫണ്ട്

2626 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗുരുവായൂർ മണ്ഡലത്തിൽ മെമ്പർ റിലീഫ് ഫണ്ട് ഇനത്തിൽ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന്

വ്യക്തമാക്കാമോ; ആനുകൂല്യം ലഭിച്ചവരുടെ പേര് വിവരങ്ങൾ , അനുവദിച്ച തുക എന്നിവ സഹിതം ലഭ്യമാക്കാമോ?

**കർഷകരുടെ പലിശരഹിത വായ്പാ പദ്ധതി**

2627 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-നാമമാത്ര കർഷകർക്കായി സഹകരണ വകുപ്പ് മുഖേന നിലവിൽ ലഭ്യമാക്കിയിട്ടുള്ള വിവിധ ധനസഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകർകായുള്ള പലിശരഹിത കാർഷിക വായ്പാ പദ്ധതി നിലവിൽ തുടരുന്നുണ്ടോ; വ്യക്തമാക്കാമോ?

**വാമനപുരം മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

2628 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വാമനപുരം നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ?

**പുനർജനി, കെയർ ഹോം പദ്ധതികൾ**

2629 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആരംഭിച്ച പുനർജനി പദ്ധതി, കെയർ ഹോം പദ്ധതി തുടങ്ങിയവയിലൂടെ നേടാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ**

2630 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**കാർഷികമേഖലയുടെ അഭിവൃദ്ധി സഹകരണ മേഖലയിലൂടെ**

2631 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് സഹകരണ രംഗത്ത് നടത്തുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) നമ്മുടെ കൃഷി നമ്മുടെ ഭക്ഷണം പദ്ധതിയുടെ പ്രവർത്തനം എല്ലാ ജില്ലയിലേക്കും വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ നെൽകൃഷി നടത്തുന്ന കർഷകരുടെ ഉന്നമനത്തിനും അവർക്കാവശ്യമായ പിൻതുണ ഉറപ്പുവരുത്തുന്നതിനുമായി രൂപീകൃതമായ പാപ്കോസ്, കാപ്കോസ് സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് വിശദീകരിക്കുമോ;

(ഡി) കാർഷിക രംഗത്ത് നടത്തുന്ന ഇടപെടലുകളോടൊപ്പം തന്നെ പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിട്ട് വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച് വ്യക്തമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച റിസ്ക് ഫണ്ട്

2632 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ റിസ്ക് ഫണ്ടിനുള്ള എത്ര പേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ ഇതുവരെ എത്ര രൂപയുടെ റിസ്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കേരള ബാങ്ക് ക്ലാർക്ക്/ക്യാഷ്യർ നിയമനം

2633 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ഫെബ്രുവരി മുതൽ 2026 മെയ് വരെ കേരള ബാങ്ക് ക്ലാർക്ക്/ക്യാഷ്യർ തസ്തികയിൽ നിന്നും എത്ര പേർ വിരമിക്കുന്നുണ്ടെന്നും ഇതിലൂടെ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നും ഇതിൽ എത്ര ഒഴിവുകളാണ് പി. എസ്. സി. മുഖേന നികത്തപ്പെടുന്നതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഈ തസ്തികയിൽ നിന്നും എത്ര പേർക്കാണ് അക്കൗണ്ടന്റായി പ്രൊമോഷൻ നൽകുന്നതെന്നും ഇതുവഴി എത്ര ഒഴിവുകൾ സൃഷ്ടിക്കപ്പെടുമെന്നും ഇതിൽ എത്ര ഒഴിവുകളാണ് പി. എസ്. സി. മുഖേന നികത്തപ്പെടുന്നതെന്നും വിശദമാക്കാമോ;

(സി) ഈ തസ്തികയിൽ സ്ഥിര ജീവനക്കാർ, താൽക്കാലിക ജീവനക്കാർ എത്രപേരാണ് നിലവിൽ ഉള്ളതെന്ന് വിശദമാക്കാമോ?

## കേരള ബാങ്ക് മുഖേനയുള്ള സംരംഭക വായ്പകൾ

2634 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മുഖേന കഴിഞ്ഞ 5 വർഷത്തിൽ എത്ര രൂപയുടെ സംരംഭക വായ്പകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കേരള ബാങ്ക് ക്ലർക്ക്/ക്യാഷ്യർ നിയമനം

2635 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് ക്ലർക്ക്/ക്യാഷ്യർ നിയമനത്തിനായി 063/2024, 064/2024 എന്നീ കാറ്റഗറി നമ്പറുകൾ പ്രകാരം പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടക്കാത്തതിന്റെ കാരണം എന്താണെന്നും ഈ നിയമനത്തിന് എന്തെങ്കിലും തരത്തിലുള്ള നിയമ തടസ്സങ്ങൾ ഉണ്ടോയെന്നും വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കോടതിയുടെ അന്തിമ വിധിയിൽ നിഷ്കർഷിച്ച പ്രകാരം സഹകരണ രജിസ്ട്രാറുടെ റിപ്പോർട്ട് വന്നതിനു ശേഷം ഈ റാങ്ക് ലിസ്റ്റിൽ നിന്നു നിയമനം നടക്കുന്നതിന് മറ്റു നിയമ തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) 2024 നവംബർ 16 ന ശേഷം കേരള ബാങ്കിൽ ക്ലർക്ക്/ക്യാഷ്യർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും 2024 നവംബർ മുതൽ 2025 ജനവരി 31 വരെ ഈ തസ്തികയിൽ വിരമിക്കൽ മുഖേന എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും 2024 നവംബർ 16 മുതൽ 2026 ജനവരി വരെ പ്രസ്തുത തസ്തികയിൽ നിന്നും ഉണ്ടായ വിരമിക്കൽ ഒഴിവുകൾ എത്രയാണെന്നും (ഓരോ മാസത്തെയും കണക്ക് തിരിച്ച്) ഈ ഒഴിവുകളിൽ പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ എത്രയാണെന്നും വിശദമാക്കാമോ;

(ഡി) 2024 നവംബർ 16 ന ശേഷം കേരള ബാങ്ക് ക്ലർക്ക്/ ക്യാഷ്യർ തസ്തികയിലുണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) 2024 നവംബർ 16 ന ശേഷം കേരള ബാങ്കിൽ ക്ലർക്ക്/ക്യാഷ്യർ തസ്തികയിൽ നിന്നും എത്ര പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്നും ഇത്തരത്തിൽ പ്രൊമോഷൻ നൽകിയത് മുഖേന എത്ര ഒഴിവുകളാണ് പ്രസ്തുത തസ്തികയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തപ്പെട്ടിട്ടുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

## ആഗോള അയ്യപ്പ സംഗമത്തിന് കേരള ബാങ്ക് നൽകിയ തുക

2636 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിൽ നടത്തിയ ആഗോള അയ്യപ്പ സംഗമത്തിന് കേരള ബാങ്ക് സ്പോൺസർഷിപ്പ് ഇനത്തിൽ തുക നൽകിയിട്ടുണ്ടോ; എങ്കിൽ നൽകിയ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്പോൺസർഷിപ്പ് തുക നൽകുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിനെയോ കേരള ബാങ്കിനെയോ കത്ത് മുഖേനയോ ഇ-മെയിൽ മുഖേനയോ ബന്ധപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത തുക നൽകുന്നതിന് കേരള ബാങ്ക് ഡയറക്ടർ ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള ബാങ്ക്

2637 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം മുകേഷ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ രംഗത്തെ സമഗ്രപരിഷ്കരണത്തിന് കേരള ബാങ്കിന്റെ രൂപീകരണം എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള ബാങ്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(സി) കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ ഫലപ്രാപ്തിയിലേക്കെത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്കിന്റെ മൂലധന പര്യാപ്തത റിസർവ്വ് ബാങ്ക് നിശ്ചയിക്കുന്ന മിനിമം പരിധിയിൽ നിലനിർത്താൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരം

2638 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ വകുപ്പ് മുഖാന്തിരം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടുത്തുരുത്തി മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്ത റിസ്ക് ഫണ്ട് ആനുകൂല്യങ്ങളുടെ വിവരങ്ങൾ ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ വകുപ്പിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ മെമ്പർ റിലീഫ് ഫണ്ട് ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## സഹകരണബാങ്കുകളുടെ ജപ്തി നടപടി

2639 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ ജപ്തി നടപടികൾ ഒഴിവാക്കാൻ തവണ വ്യവസ്ഥയിൽ കുടിശിക തുക ഈടാക്കാൻ നൽകുന്ന നിർദ്ദേശം പല സഹകരണ സ്ഥാപനങ്ങളും നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ റിക്കവറി നടപടികളിൽ സാധാരണക്കാരെ സഹായിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ റിസ്ക് ഫണ്ട്

2640 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം, റിസ്ക് ഫണ്ട് അനുവദിച്ചവയുടെ എണ്ണം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) റിസ്ക് ഫണ്ട് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ പേര് വിവരങ്ങളും സഹകരണ സംഘങ്ങളുടെ പേര് വിവരങ്ങളും ലഭ്യമാക്കാമോ?

## സഹകരണമേഖലയിൽ വായ്പാനയം

2641 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യമായ പരിശോധനകൾ ഇല്ലാതെയും തിരിച്ചടവ് ഉറപ്പാക്കാതെയും വായ്പകൾ നൽകുന്നതിനാൽ സഹകരണ ബാങ്കുകൾ സാമ്പത്തിക പ്രതിസന്ധിയിലാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകളുടെ തകർച്ച ഒഴിവാക്കുന്നതിനായി സഹകരണ മേഖലയിൽ വായ്പാനയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ വായ്പാനയം രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## പാലാ നിയോജക മണ്ഡലത്തിൽ സഹകരണ സംഘങ്ങൾ വഴി കാർഷികോല്പന്ന വിതരണം

2642 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ കർഷകർ പഴം, പച്ചക്കറി മുതലായ കാർഷിക ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വിപണിയും വിലയും ലഭിക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങൾ വഴി മിനിമം വില ഉറപ്പാക്കി ടി ഉല്പന്നങ്ങൾ വിതരണം ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, കൂടുതൽ വിപണന സാദ്ധ്യത കണക്കിലെടുത്ത് സഹകരണ സംഘങ്ങൾ വഴി കാർഷിക ഉല്പന്നങ്ങൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മഞ്ചേശ്വരം താലൂക്കിലെ സഹകരണ സംഘങ്ങൾ</u>**

2643 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ പുതുതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>തിരുവനന്തപുരം ജില്ലയിലെ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ</u>**

2644 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ, സോഷ്യൽ വെൽഫെയർ സഹകരണ സംഘങ്ങൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനരഹിതമായിട്ടുണ്ടെന്നും വിശദമാക്കാമോ?

**<u>കാർഷിക ഗ്രാമവികസന ബാങ്ക് വഴിയുള്ള വായ്പ</u>**

2645 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക ഗ്രാമവികസന ബാങ്ക് വഴി എത്ര കോടിരൂപയുടെ വായ്പയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വായ്പയിൽ എത്ര കോടി രൂപ പാലക്കാട് ജില്ലക്ക് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പാലക്കാട് ജില്ലയിൽ എത്ര കോടി രൂപ വായ്പയായി കൃഷി ആവശ്യങ്ങൾക്ക് മാത്രം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**<u>സഹകരണ സ്ഥാപനങ്ങളിലെ വായ്പാത്തട്ടിപ്പ്</u>**

2646 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വായ്പാത്തട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ വായ്പാത്തട്ടിപ്പുകളിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ച തുക തിരികെ കിട്ടാത്തവർക്ക് തുക നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സഹകരണ സംഘങ്ങളിൽ വായ്പാത്തട്ടിപ്പുൾപ്പെടെയുള്ള ക്രമക്കേടുകൾ നടക്കാതിരിക്കുന്നതിനായി സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കേപ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

2647 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്) ജീവനക്കാരുടെ ശമ്പളപരിഷ്കരണവും കരിയർ അഡ്വാൻസ്മെന്റ് സ്കീമും നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ സ്വാശ്രയ എൻജിനീയറിങ് കോളേജുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുമെന്നുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നിലവിൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാറിന്റെ കാലത്ത് കേപ് ജീവനക്കാർക്ക് അവസാനമായി ക്ഷാമബത്ത അനുവദിച്ചത് എന്നാണ്; തുടർന്ന് ക്ഷാമബത്ത അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാറിന്റെ കാലത്ത് കേപ് മൂന്ന് നഴ്സിങ് കോളേജുകൾ ആരംഭിക്കുകയും തുടർന്നു മൂന്നെണ്ണം തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനത്തിലുമായതിനാൽ, പുതിയ നേഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് കേപ്-ന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; നേഴ്സിംഗ് കോളേജുകൾക്ക് പുതിയതായി എന്തെങ്കിലും സാമ്പത്തിക സഹായം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) കേപ് സ്ഥാപനമായിരുന്ന കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാരിന് വിട്ടുകൊടുത്ത വകയിൽ കേപ്- ന് ലഭിച്ചിരുന്ന സ്വലേഷ്യം ഫണ്ടിന്റെ കാലാവധി തീർന്നതിനാൽ പുതുതായി സർക്കാർ ബഡ്ജറ്റ് വിഹിതവും പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടും വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ?

## തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവീസ്

2648 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വികസനത്തിനും ചരക്ക് നീക്കത്തിനും നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്ന വിധം കേരളത്തിലെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കപ്പൽ സർവീസുകൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്കായി പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ആലപ്പുഴ തുറമുഖ നവീകരണം

2649 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര പ്രാധാന്യമുള്ള ആലപ്പുഴ തുറമുഖ പരിഷ്ക്കരണം ത്വരിതപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയുടെ വികസനം കണക്കിലെടുത്ത് ആലപ്പുഴയിൽ നിന്നും കപ്പൽ യാത്രകൾ ഉൾപ്പെടെ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കണ്ണൂർ ഗ്രീൻഫീൽഡ് അന്താരാഷ്ട്ര തുറമുഖം

2650 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കലിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## വിഴിഞ്ഞം തുറമുഖത്തിലെ വികസന പ്രവർത്തനങ്ങൾ

2651 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിലാകുന്നതോടെ തീരത്ത് എത്തുന്ന മദർ വെസലുകളുടെയും വൻകിട കപ്പലുകളുടെയും അറ്റകുറ്റപ്പണികൾക്കായി സൗകര്യമൊരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും തരത്തിലുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) തുറമുഖ പരിസരത്ത് ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടങ്ങളും തുറമുഖ ഭൂമിയും പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് മാതൃകയിൽ ടൂറിസം, സമുദ്രാധിഷ്ഠിത വ്യവസായ സാധ്യതകൾ എന്നിവ മുൻനിർത്തി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള പുനരധിവാസ പദ്ധതി

2652 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**

**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള പുനരധിവാസ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തുക പൂർണ്ണമായി വിനിയോഗിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**വിഴിഞ്ഞം തുറമുഖം**</u>

2653 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിടുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഉൾപ്പടെ കൈവരിക്കാൻ സാധിച്ച പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖ വികസനത്തിന്റെ അടുത്ത ഘട്ടം ഏത് സാമ്പത്തിക വർഷത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

<u>**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം - രണ്ടാം ഘട്ട വികസനം**</u>

2654 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടും വൻകിട കപ്പലുകളെയും ചരക്ക് നീക്കത്തെയും പിന്തുണയ്ക്കുന്നതിനായുള്ള പോർട്ട്-ഡ്രിവൺ ഇൻഡസ്ട്രിയൽ ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) രണ്ടാം ഘട്ട വികസനത്തിനായി കടൽ നികത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള പരിസ്ഥിതി ആഘാതങ്ങളെക്കുറിച്ച് പുതിയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ വിശദമാക്കുമോ;

(സി) വിഴിഞ്ഞത്തുനിന്നുള്ള ചരക്ക് നീക്കത്തിനായി ബാലരാമപുരം വഴിയുള്ള ഭൂഗർഭ റെയിൽവേ പാതയുടെ സ്ഥലമേറ്റെടുപ്പ് നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) തുറമുഖം വഴി ലഭിക്കുന്ന ലാഭവിഹിതം സംബന്ധിച്ച് അദാനി ഗ്രൂപ്പുമായി നിലവിലുള്ള കരാറിൽ മാറ്റങ്ങൾ വരുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>**വിഴിഞ്ഞം പദ്ധതിയുടെ അനുബന്ധ ഗതാഗത സംവിധാനങ്ങൾ**</u>

2655 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള അനുബന്ധ തുരങ്ക റെയിൽ പദ്ധതി അടക്കമുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) വിഴിഞ്ഞം പദ്ധതി പൂർണ്ണ തോതിൽ പ്രാവർത്തികമാക്കാൻ ആവശ്യമായ അനുബന്ധ ഗതാഗത സംവിധാനങ്ങൾ ഒരുക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

## <u>ചരക്ക് ഇടനാഴി പദ്ധതി</u>

2656 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ചരക്ക് ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; അതുവഴി കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിന് കഴിയുമോ; വിശദാംശം നൽകാമോ;

(ബി) കൊച്ചി, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ചരക്ക് ഇടനാഴി പദ്ധതി കേന്ദ്രം ഏറ്റെടുത്തിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

## <u>കൊല്ലം തുറമുഖത്ത് ബങ്കറിംഗ് സംവിധാനം</u>

2657 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര കപ്പൽ ചാലിന് സമീപം സ്ഥിതിചെയ്യുന്ന കൊല്ലം തുറമുഖത്ത് കപ്പലുകൾക്ക് നങ്കൂരമിടാൻ ബങ്കറിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സംവിധാനം തുറമുഖ വികസനത്തിന് സഹായകരമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തുറമുഖ വികസനത്തിന് സഹായകരമാകുന്ന മറ്റെന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

## <u>കൊല്ലം തുറമുഖ വികസനം</u>

2658 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കൊല്ലം തുറമുഖത്ത് നിന്ന് ഫലപ്രദമായി യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>അഴീക്കൽ പോർട്ടിന്റെ വികസന പ്രവർത്തനം</u>**

2659 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷം കണ്ണൂർ അഴീക്കൽ പോർട്ടിൽ സർക്കാരിന്റെ/മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം ലഭ്യമാക്കുമോ;

(ബി) റീജിയണൽ പോർട്ട് ആയതിന് ശേഷം എന്തൊക്കെ മാറ്റങ്ങളാണ് അഴീക്കൽ പോർട്ടിൽ ഉണ്ടായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**<u>ആഗോള അയ്യപ്പ സംഗമം- ഫണ്ട് വിനിയോഗം</u>**

2660 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിന്റെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഹൈക്കോടതിയുടെ നിർദ്ദേശം എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) കോടതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണോ ആഗോള അയ്യപ്പ സംഗമത്തിന്റെ ഫണ്ട് വിനിയോഗം നടത്തിയത് എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

**<u>ആഗോള അയ്യപ്പ സംഗമം</u>**

2661 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിന്റെ നടത്തിപ്പിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നു എന്ന് ശബരിമല സ്പെഷ്യൽ കമ്മീഷണർ ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയ കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ നടത്തിയ ഇടപെടൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ആഗോള അയ്യപ്പ സംഗമത്തിന്റെ നടത്തിപ്പിലുണ്ടായ ക്രമക്കേടുകളിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആഗോള അയ്യപ്പ സംഗമം

2662 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട കലാ സാംസ്കാരിക പരിപാടികൾക്കായി വകയിരുത്തിയ തുകയുടെ ഇരട്ടി തുകയുടെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട് എന്നത് വസ്തുതയാണോ; വിശദമാക്കാമോ;

(ബി) നടക്കാത്ത ഭജന പ്രോഗ്രാമിന്റെ പേരിൽ അടക്കം ബില്ലുകൾ സമർപ്പിച്ചു എന്ന് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) നന്ദഗോവിന്ദം ഭജൻസിന് എട്ടു ലക്ഷം രൂപ നൽകിയ ബിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് വ്യാജമാണോ എന്ന് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

2663 **ശ്രീ സി കെ ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് വിവിധ വികസന പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് ക്ഷേത്രം തിരിച്ചും പദ്ധതി തിരിച്ചും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, ടെണ്ടർ നടപടികളിലുള്ളവ, എന്നിവ തിരിച്ച് നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ സമഗ്രമായ പരിപാലനത്തിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ

2664 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പള പരിഷ്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## മലബാർ ദേവസ്വം ബോർഡിലെ വിവിധ ക്ഷേത്രങ്ങൾ

2665 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ വിവിധ ക്ഷേത്രങ്ങളുടെ അധീനതയിൽ ഉണ്ടായിരുന്ന എത്ര ഏക്കർ ഭൂമിയാണ് അന്യാധീനപ്പെട്ടിട്ടുള്ളതെന്ന് ക്ഷേത്രം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി വീണ്ടെടുക്കാൻ എന്തെങ്കിലും നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കുറ്റ്യാടി മണ്ഡലത്തിൽ ദേവസ്വം വകുപ്പിന്റെ പ്രവൃത്തികൾ</u>**

2666 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ നാളിതുവരെയായി ദേവസ്വം വകുപ്പിന്റെ നേതൃത്വത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ 8 ഗ്രാമപഞ്ചായത്തുകളിലായി നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് പ്രവൃത്തികളുടെ തുകയും വിശദാംശങ്ങളും സഹിതം വിശദമാക്കാമോ;

(ബി) കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ എടക്കാട് ക്ഷേത്രക്കുളം നവീകരണവുമായി ബന്ധപ്പെട്ട അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുളം നവീകരണത്തിന് ഫണ്ട് അനുവദിക്കുമോ; വിശദമാക്കാമോ?

**<u>വൈപ്പിൽ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾ</u>**

2667 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങളാണ് നിലവിലുള്ളതെന്ന് ക്ഷേത്രങ്ങളുടെ പേരു വിവരം ഉൾപ്പടെ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡ് എത്ര രൂപയുടെ വികസന പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി സംരക്ഷണം</u>**

2668 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്കുള്ള ധനസഹായം</u>**

2669 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ

2670 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിൽ ദേവസ്വം ബോർഡ് നടപ്പിലാക്കി വരുന്ന വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ;

(സി) ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
16-02-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].